# ദി ഡിഫെൻഡർ

Vol. No. 12 Issue No. 17 RNI Reg. No. 68089 / 97 Published From Perumbavoor 2009 September 1 Price: Rs.100/- P.A.

## നസീല ബീവിയും വിദേശപര്യടനത്തിൽ

അങ്ങനെ നസീല ബീവിയും വിദേശപര്യടനം നടത്തുകയാണ്. പിണ്ണാക്കു കോൺഫ്രൻസിൽ പങ്കെടുക്കാൻ വിസ കിട്ടാതെപോയതുകൊണ്ട് ഗൾഫ് പര്യടനം കൊണ്ടു തൃപ്തിപ്പെടുകയാണെന്നു മാത്രം.

അമേരിക്കയിൽ മാത്രമല്ല ഗൾഫിലും കഴുതകൾ ഏറെയുണ്ട്. അതുകൊണ്ട് ബീവിക്കു കുശാലാകും. കൈനിറയെ പണം കിട്ടുമെന്നു തീർച്ച. ഇപ്പോൾ യു.എ.ഇ പര്യടനം മാത്രമേ നടത്തുന്നുള്ളൂ. പക്ഷേ മറ്റു ഗൾഫ് രാജ്യങ്ങളിലേക്കു പോകാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല.

എന്താ ബീവിക്കുള്ള കുഴപ്പം എന്നു ചോദിച്ചേക്കാം. അതു ബീവിയുടെ സാക്ഷ്യം ഒരുവട്ടം കേട്ടാൽ മനസ്സിലാകും. സുബോധമുള്ള ആർക്കും വിശ്വസിക്കാൻ പറ്റാത്ത കാര്യങ്ങളാണ് ബീവി പറയുന്നത്. ഒരിടത്തു പറയുന്ന സാക്ഷ്യവും മറ്റൊരിടത്തു പറയുന്ന സാക്ഷ്യവും തമ്മിൽ പൊരുത്തക്കേടുകൾ ഏറെയുണ്ടാകും. പക്ഷേ ഇതൊന്നും പെന്തക്കോസ്തിലെ മണ്ടൻമാർക്കു പ്രശ്നമല്ല. അത്യുഗ്രൻ സാക്ഷ്യം കേൾക്കുന്നു. സത്യമോ നുണയോ എന്നു തിരക്കുന്നതെന്തിന്?



സുരേഷ് ബാബു ബി.ടെക്കിനു പഠിച്ചതും മരിച്ചുകിടന്ന അനുജനെ ഉയിർപ്പിച്ചതും മറ്റും കേട്ടു കോരിത്തരിച്ചവരാണു പെന്തക്കോസ്തുകാർ. അരവിന്ദാക്ഷമേനോനും പ്രംജിത് ലാലും ഭട്ടാചാര്യയും മറ്റും വേദം വായിച്ചു ക്രിസ്തുവിനെ കണ്ടെത്തിയ സാക്ഷ്യവും പെന്തക്കോസ്തുകാരെ ആത്മാവിലാക്കിയതുമാണ്. എന്നിട്ടും നാം പാഠം പഠിച്ചിട്ടില്ല. ബീവി പറയുന്ന സാക്ഷ്യം സത്യമാണോ എന്ന് അന്വേഷിച്ച് ഉറപ്പിച്ചിട്ട് ഇവരെ എഴുന്നെള്ളിക്കാമെന്നു തോന്നിയുമില്ല. ഇവർ കള്ളം പറയുകയായിരുന്നു എന്ന് പിന്നീടു തെളിഞ്ഞാലോ?

## ഐ.പി.സി തെരഞ്ഞെടുപ്പ്: ഫിലിപ്പ് പി പക്ഷം വിജയിച്ചു

ഐ.പി.സി സ്റ്റേറ്റ് കൗൺസിൽ ഇലക്ഷനിൽ ഫിലിപ്പ് പി. തോമസ് നേതൃത്വം നൽകിയ പാനലിനു മുൻതൂക്കം ലഭിച്ചു. സ്റ്റേറ്റ് സെക്രട്ടറിയായി ഫിലിപ്പ് പി. തോമസ്, ജോ.സെക്രട്ടറിയായി ഷിബു നെടുവേലിൽ, ട്രഷറായി പി.എം.ഫിലിപ്പ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. സഹോദരൻമാരുടെ ഭാഗത്തുനിന്നുള്ള ജോ.സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട കുര്യൻ ജോസഫ് മാത്രമാണ് എം.പി.ജോർജുകുട്ടിയുടെ പക്ഷത്തുള്ളത്. കൗൺസിൽ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടവരിലും ഭൂരിപക്ഷം ഫിലിപ്പ് പി പക്ഷത്തിനാണ്. പ്രസിഡന്റായ കെ.എം.ജോസഫ്, വൈസ് പ്രസിഡന്റായ കെ.സി.തോമസ് എന്നിവർക്ക് എതിർസ്ഥാനാർത്ഥികൾ ഇല്ലായിരുന്നു.

ജനറൽ പ്രസിഡന്റ് സ്ഥാനത്തേക്ക് കെ.സി.ജോണും ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് വൽസനും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുമെന്ന് ഉറപ്പായിക്കഴിഞ്ഞു. അതുകൊണ്ട് മറ്റു സ്ഥാനങ്ങളിലേക്കു മാത്രമാണ് ഇലക്ഷനുള്ളത്. അതിൽ വൈസ് പ്രസിഡന്റ് കസേരക്കാണ് ഏറ്റവും അധികം പിടിവലിയുള്ളത്. എം.സി.ചാക്കോയെ വൈസ് പ്രസിഡന്റാക്കിക്കൊടുക്കുന്ന ജോലി മോനായി കരാർ എടുത്തു കഴിഞ്ഞു. എം.സി.ചാക്കോ നല്ലൊരു തുക ഈ വകയിൽ മോനായിക്കു കൊടുത്തിട്ടുമുണ്ട്. എതിർസ്ഥാനാർത്ഥികൾ ഒഴിഞ്ഞുപോകാൻ പ്രാർത്ഥിക്കണം എന്ന ആവശ്യവുമായി എം.സി.ചാക്കോ പലരേയും സമീപിക്കുന്നതായും അറിയുന്നു.





ജനറൽ കൗൺസിലിലേക്കു മത്സരിച്ച സാം കുഴിക്കാല ഏറ്റവും കുറച്ചു വോട്ടു നേടി റിക്കാഡിട്ടു. ഐ.പി.സിയിൽ വിവരമുള്ളവരുമുണ്ടെന്ന് കുഴിക്കാലയ്ക്കു ലഭിച്ച വോട്ടുകൾ തെളിയിച്ചു. കെ.സി.ജോൺ മത്സര രംഗത്തില്ലാതിരുന്നതിനാൽ രാഷ്ട്രീയക്കളി വേണ്ടത്ര ഉഷാറായില്ല. ചെകുത്താന്റെ സഹായമില്ലെങ്കിൽ ഏതു മഹാപാപിയും കരഞ്ഞിപ്പോകും. കെ.സി ഇല്ലാതായാൽ രാഷ്ട്രീയക്കാർ കുഴയും.

ജയിക്കാൻ വേണ്ടി സ്ഥാനാർത്ഥികൾ ലക്ഷക്കണക്കിനു രൂപയാണു വാരിവിതറിയത്. എങ്ങനെയെങ്കിലും ജയിച്ചു കിട്ടിയാൽ ചെലവഴിച്ചതിന്റെ നൂറു മടങ്ങ് തിരിച്ചു പിടിക്കാമെന്ന് ഏവർക്കും അറിയാം. ഐ.പി.സി പ്രസിഡന്റിന്റെ കസേരയിൽ കെ.സി.ജോൺ മൂന്നു വർഷം ഇരുന്നപ്പോൾ രണ്ടു കമ്പനികളും ഒരു സ്കൂളും ഉണ്ടാക്കി. അടുത്ത മൂന്നു വർഷംകൂടി ഇരിക്കുമ്പോൾ എത്രകോടി സമ്പാദിക്കുമെന്നു പ്രവചിക്കാനാവില്ല.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും പാസ്റ്റർമാർക്കും വിശ്വാസികൾക്കും സഭാഭരണത്തിൽ പങ്കു നൽകുന്ന കാര്യത്തിൽ ഐ.പി.സിക്കു തുല്യം മറ്റൊന്നില്ല എന്നതു സത്യമാണ്. എ.ജിയിലും ചർച്ച് ഓഫ് ഗോഡിലും അല്പമൊക്കെയുണ്ട്. ശാരോനിനും ഡബ്ല്യൂ.എം.ഇയിലും സ്വതന്ത്ര സഭകളിലും വിശ്വാസികൾക്കെന്നല്ല പാസ്റ്റർമാർക്കു പോലും പങ്കും ഓഹരിയുമില്ല.

## കെ.ഒ.മാത്യു ചെയ്തതെന്ത്?

ചർച്ച് ഓഫ് ഗോഡിന്റെ യു.എ.ഇ ഓവർസിയറായ കെ.ഒ.മാത്യുവിനോട് ആഗസ്റ്റ് 20ന് അകമായി രാജിവച്ച് ഒഴിയാൻ ഡിഫെൻഡർ ആവശ്യപ്പെട്ടിരുന്നെങ്കിലും ഇയാൾ അതിനു തയ്യാറായില്ല. ദൈവം ഫറവോനെ ശിക്ഷിക്കാൻ തീരുമാനിച്ചതുകൊണ്ട് ഫറവോനു മാനസാന്തരപ്പെടാൻ കഴിഞ്ഞില്ല. കെ.ഒ.മാത്യുവിനു സംഭവിച്ചതും ഇതുതന്നെ. കഴിഞ്ഞ കാലങ്ങളിൽ ഇയാൾ ചെയ്തുകൂട്ടിയതിനെല്ലാം ഉചിതമായ ശിക്ഷ ലഭിക്കാതെപോയാൽ അതു നീതിയല്ലല്ലോ.

സിപ്പ് പാപ്പച്ചൻ എന്ന പേരിൽ അറിയപ്പെടുന്ന കെ.ഒ.മാത്യു അസിസ്റ്റന്റ് പാസ്റ്ററുടെ ഒരു കോടിയിലധികം രൂപ തട്ടിയെടുക്കാൻ ശ്രമിച്ചു ജയിലിലായ കഥ മാത്രമേ ഇപ്പോൾ പരസ്യമായിട്ടുള്ളൂ. എന്നാൽ ഈ നീചൻ അനേക സാധുക്കളെ കണ്ണീരു കുടിപ്പിച്ചിട്ടുണ്ട്. പണം ധൂർത്തടിക്കുകയും ഒരു സാധാരണ വിശ്വാസിപോലും ചെയ്യാൻ ശങ്കിക്കുന്ന വൃത്തികേടുകൾ കാട്ടിക്കൂട്ടുകയും ചെയ്തിട്ടുണ്ട്. അവയിൽ ഒരു സംഭവം ഈ ലക്കത്തിൽ പറയാം.

ഇയാൾക്ക് ബാംഗ്ലൂരിൽ പല ഫ്ളാറ്റുകളും വീടും മറ്റുമുണ്ട്. അതിൽ ഒരെണ്ണം നിയമവിരുദ്ധമായി നിർമ്മിച്ചതുമാണ്. പറയാൻ പോകുന്ന കഥ ഈ വീടുമായി ബന്ധപ്പെട്ടതാണ്. പക്ഷേ ഇയാളുടെ ചതിയിൽപ്പെട്ട ചിലരുടെ മാനം രക്ഷിക്കേണ്ടതുള്ളതുകൊണ്ട് പേരും മറ്റു വിശദാംശങ്ങളും ഒഴിവാക്കുന്നു. സ്വന്തം സഹോദരനേപ്പോലെ കണക്കാക്കേണ്ട ഒരാളായിരുന്നു ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിന്റെ മേൽനോട്ടം വഹിച്ചിരുന്നത്. ഈ മനുഷ്യന്റെ ഭാര്യയെ കെ.ഒ.മാത്യു സ്വന്തം സഹോദരിയേപ്പോലെ കാണേണ്ടത്ര ബന്ധമുള്ളതാണ്. ഇവരുടെ മകളെ സ്വന്തം മകളേപ്പോലെയും കാണേണ്ടതായിരുന്നു. പക്ഷേ ഇയാൾ ചെയ്തതെന്ത്? കേവലം 14 വയസ്സുമാത്രം പ്രായമുള്ളപ്പോൾ ആ കുട്ടിയോട് ഇയാൾ ഇടപെട്ടതെങ്ങനെ എന്ന് കേൾക്കൂ: ''He always tries to approach her sexually. When she was studying in school, during vacation,



this family used to go to Dubai where he stays in his own apartment. This girl said that he used to force her to the bed and try to have sexual favors. It is a big house and no one will know evenif she shouts. Then once in car when they both were travelling he tried to do it again and she cried. His way was to give valuable gifts to satisfy his intentions. He used to give her chocolates, electronic goods, money, dress etc. He used to buy dresses for this girl which were so exposing. His personal charm is in such a way that no one will believe he does such things. And he speaks well and he will give anything to those who satisfies him. So, no one is there to question him". ഇങ്ങനെ പോകുന്നു ആ കഥ. സംഭവം അല്പം കൂടി വിശദമായി പറയേണ്ടതുണ്ട്. അത് അടുത്ത ലക്കത്തിലാകട്ടെ.

### പകൽക്കാലം

"എന്റെ ശത്രുക്കൾ കാൺകെ..."

**അയ്യടാ!! ബാറ്ററി തീർന്നു!!!..**



മലയാളം ബൈബിൾ മൊബൈലിൽ – വാർത്ത

## മോഷണായി തോറ്റു

'പവനായി ശവമായി' എന്നു പറഞ്ഞതുപോലെ മോഷണായി തോറ്റു. മോനായി സ്റ്റേറ്റ് കൗൺസിലിൽ കടന്നുകൂടണമെങ്കിൽ ഇനി എന്തെങ്കിലും അത്ഭുതം നടക്കണം. അത്ഭുതം എന്നു വെറുതെ പറഞ്ഞതല്ല, സംഗതി ശരിയാണ്. ആകെ മൊത്തം ടോട്ടൽ 70 പാസ്റ്റർമാരാണ് ജനറൽ സീറ്റിൽ മത്സരിച്ചത്. അതിൽ 26 പേർക്കു മാത്രമേ ജയിക്കാൻ പറ്റൂ. അക്കൂട്ടത്തിലെങ്ങും മോനായി ഇല്ല. തെരഞ്ഞെടുക്കപ്പെട്ട അവസാനത്തെ ആൾക്കു കിട്ടിയത് 924 വോട്ട്. മോനായിക്കു ലഭിച്ചത് 827 വോട്ടുമാത്രം. ഇപ്പോൾ മോനായി 33-ാമനാണ്. ഇടയിൽ ആറു പേരുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 26 പേരിൽ ആറുപേർ രാജിവച്ചോ മറ്റേതെങ്കിലും വിധത്തിലോ മാറിപ്പോയാലും മോനായിക്കു രക്ഷയില്ല. ഏഴുപേർ ഒഴിഞ്ഞുപോകുക എന്ന അത്ഭുതം നടന്നാൽ മാത്രമേ മോനായിക്കു രക്ഷയുള്ളൂ. (ഐ.പി.സിയല്ലേ, അതും നടന്നേക്കാം).

**HOUSE PLOTS FOR SALE**

**Two adjacent house plots (2700 Sq.F. each) at Horimav, BANGALORE, just opposite the Indian Pentecostal Church of God (IPC) Head quarters for immediate sale. Expected Price: Rs.1,500/- Sq.F. (Negotiable). Excellent for Pentecostal Families.**

**Contact: UAE: 00971- 50 6264908, 65733114**

**India: 0091- 9446114043.**

**johnygilead@gmail.com, sco@emirates.net.ae**

ദി ഡിഫെൻഡർ

Vol. No.12 Issue No.17 2009 September 1

# ഇനി ഭരിക്കാം

ഐ.പി.സിയുടെ സ്റ്റേറ്റ് ഇലക്ഷൻ കഴിഞ്ഞു. ജയിച്ചവർക്കു സന്തോഷം. തോറ്റവർക്കു ദു:ഖം. ജനറൽ ഇലക്ഷൻ നടക്കാൻ പോകുന്നതേയുള്ളൂ. എങ്കിലും പ്രസിഡന്റും സെക്രട്ടറിയും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതിനാൽ ജനറൽ ഇലക്ഷനു വേണ്ടത്ര ചൂടില്ല. വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കു മാത്രമാണ് അല്പമെങ്കിലും മത്സരമുള്ളത്.

ലക്ഷങ്ങൾ മുടക്കിയുള്ള കളിയായിരുന്നു ഈ ഇലക്ഷൻ. സ്ഥാനാർത്ഥികളുടെ പരസ്യങ്ങൾ പ്രസിദ്ധീകരിക്കാൻ തയ്യാറായ പത്രങ്ങൾക്കൊക്കെ ചാകരയായിരുന്നു. സ്ഥാനാർത്ഥികളുടെ ഗുണഗണങ്ങൾ വാഴ്ത്തിപ്പാടാൻ ഈ പത്രങ്ങൾ മത്സരിച്ചു. ഈ ചവറൊക്കെ വായിച്ചവർക്കു മനംപുരട്ടലുണ്ടായിരിക്കണം. നാണമില്ലാത്തവർക്ക് എന്തും ആകാമല്ലോ.

ജയിച്ചവർക്കെല്ലാം ഒന്നേ പറയാനുള്ളൂ: ദൈവം സഹായിച്ചു. ഇവനെയൊക്കെ സഹായിച്ചത് ഏതു ദൈവമാണെന്നു മാത്രം മനസ്സിലാകുന്നില്ല. ചാരിറ്റബിൾ സൊസൈറ്റികൾക്കു ഭാരവാഹികളെ നിയമിക്കലല്ല കർത്താവായ യേശുക്രിസ്തുവിന്റെ പണി എന്ന് ഇനിയെങ്കിലും മനസ്സിലാക്കുക. ഈ സൊസൈറ്റികളൊന്നും ദൈവീക പദ്ധതിയിലുള്ളതല്ല. ഇവയുടെ തലപ്പത്തെത്തിയതുകൊണ്ടുമാത്രം ആരും ദൈവദാസനാകുന്നുമില്ല. ഇതൊക്കെ സാത്താന്യ തന്ത്രത്തിന്റെ ഭാഗമാണ്.

കസേരകൾ ലഭിച്ചവർക്ക് അടുത്ത മൂന്നു വർഷം ഭരിക്കാം. നാടു നീളെ നടന്നു പിരിക്കാം. സ്വന്തം കീശ വീർപ്പിക്കാം. കുടുംബം വക പ്രസ്ഥാനങ്ങൾ വളർത്താം. എതിർക്കുന്നവരെ സുവിശേഷ വിരോധികളായി മുദ്രകുത്താം. മിഷനറി ദർശനമില്ലാത്തവരെന്നു പറഞ്ഞ് ആക്ഷേപിക്കാം.

ഓഡിനേഷൻ കച്ചവടം ലാഭമുള്ള ബിസിനസ്സാണ്. കാൽക്കാശിന്റെ ചെലവില്ല. കാശുമായി വരുന്നവന്റെയൊക്കെ തലയിൽ കൈ വയ്ക്കുകയേ വേണ്ടൂ. നല്ല തിരുമുൽക്കാഴ്ച നൽകുന്നവർക്കു നല്ല സഭ. കാഴ്ച ഉഗ്രനാണെങ്കിൽ സെന്ററോ ഏരിയയോ പതിച്ചു കൊടുക്കാം. കക്ഷി വിദേശിയാണെങ്കിൽ റീജിയനോ സ്റ്റേറ്റോ കൊടുക്കാം. ഇത്തരം തോന്ന്യാസങ്ങളൊക്കെ കാട്ടിക്കൂട്ടാനുള്ള അധികാരമാണ് ഇപ്പോൾ ലഭിച്ചിരിക്കുന്നത്. ലക്ഷങ്ങൾ മുടക്കി വോട്ടു പിടിച്ചതിന്റെ ഗുട്ടൻസ് പിടികിട്ടിയോ മാളോരേ.

പെന്തക്കോസ്ത് ഇന്ന് അധ:പതനത്തിന്റെ പാതയിലാണ്. സ്ഥിതി അനുദിനം വഷളായിക്കൊണ്ടിരിക്കുകയുമാണ്. ഐ.പി.സിയുടെ പാതയിലാണ് ഇതര പെന്തക്കോസ്ത് വിഭാഗങ്ങളും നീങ്ങുന്നത്. ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണിത് എന്നു പറയാതെവയ്യ.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

**OR www.tsbalan.org**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

**വാർഷിക വരിസംഖ്യ**

ഇന്ത്യയിൽ: 100 രൂപ

ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

**വിലാസം:**

റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., എറണാകുളം.

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

# സത്യം സത്യമായി

മോങ്ങാനിരുന്ന നായുടെ തലയിൽ തേങ്ങാ വീണു എന്നു പറഞ്ഞതുപോലെയായി മൂത്തൂറ്റു കേസ്സ്. മണിക്കൂറുകൾ നീളുന്ന ചർച്ചയും വിവരണവും മറ്റുമായി മാധ്യമങ്ങൾ അരങ്ങു തകർക്കുകയാണ്. പോലീസ് കണ്ടുപിടിച്ചവരൊന്നുമല്ല കുറ്റവാളികൾ എന്ന കാര്യത്തിൽ മാധ്യമങ്ങൾക്കു സംശയമില്ല. ആരെയൊക്കെ പ്രതികളാക്കണമെന്നും മാധ്യമങ്ങൾ തീരുമാനിച്ചു കഴിഞ്ഞു. ഇനി പോലീസ് അനുസരിക്കയേ വേണ്ടു. എല്ലാവരേയും പോലീസ് പിടിച്ചു കഴിഞ്ഞാൽ വിചാരണ ചെയ്യുന്നതും ശിക്ഷ വിധിക്കുന്നതും മാധ്യമങ്ങൾ തന്നെ. കാലം പോയ പോക്കേ.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും പോലീസിന്റെ കത്തിയെടുക്കൽ പരിപാടി അസ്സലായി എന്നു പറയാതെ വയ്യ. തലേദിവസം വന്ന് വീട് അരിച്ചു പെറുക്കിയിട്ടും കാണാത്ത കത്തി പ്രതിയുമായി വന്നെടുത്തു. കത്തി കട്ടിലിന്റെ അടിയിൽ ഉണ്ടായിരുന്നു. കുനിഞ്ഞ് എടുത്തു കൊടുക്കുന്ന ജോലിയെ പ്രതിക്കുണ്ടായുള്ളൂ. പോലീസ് പറഞ്ഞതുപോലെ കത്തി എസ്സ് ആ കൃതിയിലുള്ളതുമായിരുന്നു. എസ്സ് എന്നു പറഞ്ഞാൽ കുറച്ചധികം നിവർന്ന എസ്സ്. താനാണു കൊല നടത്തിയതെന്ന് പ്രതി പത്രക്കാരുടെ മുൻപിൽ ഏറ്റു പറയുകയും ചെയ്തു. ശരിയായ രീതിയിലാണു പറഞ്ഞതെന്ന് പോലീസിനോടു ചോദിച്ച് പ്രതി ഉറപ്പാക്കുകയും ചെയ്തു. ‘‘പറഞ്ഞുതന്നതുപോലെതന്നെയല്ലേ ഞാൻ പറഞ്ഞത്’’ എന്നു പ്രതി പോലീസിനോടു ചോദിക്കുന്നതിനു മുൻപ് പോലീസ് പ്രതിയുമായി സ്ഥലം വിട്ടു. (ഭാഗ്യം).

എവിടെ എന്ത് അക്രമം നടന്നാലും അതിലൊക്കെ മന്ത്രിപുത്രൻമാർക്കു പങ്കുണ്ടെന്ന് ആരോപണമുയരുന്നു. നമ്മുടെ മന്ത്രിമാരുടെ മക്കൾ ഇത്ര വലിയ വീരൻമാരാണോ. വിശദീകരണവുമായി പാർട്ടി സെക്രട്ടറി തന്നെ രംഗത്തു വന്നിരിക്കുന്നു. അപ്പോൾ ഈ ആരോപണത്തിൽ എന്തോ കഴമ്പില്ലേ എന്നു സംശയിച്ചു പോകുന്നു. ഏതായാലും ഒരു കാര്യം സമ്മതിക്കണം: ആരോപണം വരുന്നതല്ലാതെ ഒന്നും തെളിയിക്കാൻ കഴിഞ്ഞിട്ടില്ല. തെളിവില്ലാതാക്കുന്നതിന്റെ ക്രെഡിറ്റ് ആർക്കാണോ കൊടുക്കേണ്ടത്!

മുജ്ജന്മത്തിലെ ശത്രുക്കളാണ് മക്കളായി ജനിക്കുന്നത് എന്നൊരു ചൊല്ലുണ്ട്. പക്ഷേ പുത്രൻജിയുടെ കാര്യത്തിൽ ഇത് അല്പം തെറ്റി. മുജ്ജൻമത്തിലെ ശത്രു സഹോദരിയായിട്ടത്രേ ജനിച്ചത്. അതുകൊണ്ടെന്താ, മനസ്സമാധാനമായിട്ട് ഒന്നു കാലുമാറാൻ പോലും വയ്യാത്ത സ്ഥിതിയായി. തറവാടു വിട്ടുപോകുക, പോകുന്ന പോക്കിൽ പരമാവധി പുലഭ്യം പറയുക, തെണ്ടിനടന്നു മടുക്കുമ്പോൾ തിരികെ വരുക തുടങ്ങിയതെല്ലാം മുടിയൻ പുത്രൻമാരുടെ സ്ഥിരം പരിപാടിയാണല്ലോ. പുത്രൻജിയും ഇത്രയുമൊക്കെയേ ചെയ്തുള്ളൂ. ബൈബിളിലെ മുടിയൻ പുത്രനു ചേട്ടനാണു പ്രശ്നമുണ്ടാക്കിയതെങ്കിൽ ഇന്നത്തെ മുടിയനു സഹോദരിയാണു പാര പണിതത്. അതും ഇളയ സഹോദരി. മുജ്ജൻമത്തിലെ ശത്രുത്വത്തിന്റെ കഥയിൽ കഴമ്പുണ്ടെന്നു തീർച്ച.

ദൃശ്യമാധ്യമങ്ങളേക്കൊണ്ടുള്ള ശല്യം പുത്രൻജി കുറച്ചൊന്നുമല്ല അനുഭവിക്കുന്നത്. പണ്ടൊക്കെയായിരുന്നെങ്കിൽ പത്രങ്ങളേയുള്ളൂ. എന്തും പറയാം, പറഞ്ഞതു പിറ്റേന്നുതന്നെ നിഷേധിക്കാം. ഒരു പ്രശ്നവുമില്ല. അതുകൊണ്ട് അക്കാലത്തൊക്കെ കാലുമാറാനും എളുപ്പമായിരുന്നു. പക്ഷേ ഇന്നത്തെ സ്ഥിതി അതല്ല. പറയുന്നതൊക്കെ ടി.വിക്കാരു റിക്കാഡ് ചെയ്തു പ്രദർശിപ്പിക്കും. അതുകൊണ്ടു നിഷേധിക്കാൻ പറ്റുന്നില്ല. തീർന്നില്ല പാര. പിന്നീടൊന്നു തിരുത്തിപ്പറയാനോ തറവാട്ടിലേക്കു മടങ്ങാനോ ശ്രമിക്കുമ്പോൾ പണ്ടു പറഞ്ഞതൊക്കെ വീണ്ടും എടുത്തു കാണിക്കും. ഇതിൽപ്പരം ഒരു കൊലച്ചതി വേറെയുണ്ടോ. അതുകൊണ്ടെന്താ, പുത്രൻജിയെ തറവാടിന്റെ ഏഴയലത്ത് അടുപ്പിക്കുന്നില്ല. മറ്റെങ്ങോട്ടെങ്കിലും പോകാമെന്നുവച്ചാൽ അതിനു പറ്റിയ ഒരു സ്ഥലം കാണാനുമില്ല.

നമ്മുടെ ഗജരാജമന്ത്രിക്ക് ഇനി ദൈവങ്ങളുമായി ഒരു ബന്ധവുമില്ല. ഇതു പറയുന്നതു മന്ത്രിതന്നെ ആകുമ്പോൾ സംശയിക്കേണ്ടതുമില്ല. എന്താ മന്ത്രിക്ക് ദൈവങ്ങളോട് ഇത്ര വിരോധം തോന്നാൻ കാരണം? ദൈവങ്ങൾ മായാരൂപികളാണ്. അവർ വരുന്നതും പോകുന്നതും ആരും അറിയുന്നില്ല. ദേവസ്വം ബോർഡ് കൈയ്യിൽ നിന്നു പോയത് ഈ ദൈവങ്ങളുടെ വരവും പോക്കും പോലെയാണ്. അതുകൊണ്ടാണ് ഇനി ദൈവങ്ങളുമായുള്ള കൂട്ടു വേണ്ടെന്നു മന്ത്രി തീരുമാനിച്ചത്.

ദേവസ്വം ബോർഡ് മന്ത്രിയുടെ കൈയ്യിൽ നിന്നു പോയതിന്റെ യഥാർത്ഥ കാരണം ബാലകൃഷ്ണപിള്ള കണ്ടുപിടിച്ചിട്ടുണ്ടെന്നത് ആശ്വാസകരം തന്നെ. ദീപാരാധനയ്ക്കായി ശബരിമല നട തുറന്നപ്പോൾ തൊഴുന്നതിനു പകരം മന്ത്രി മുണ്ടും മടക്കിക്കുത്തി തിരിഞ്ഞു നടന്നത്രേ. അതിനു ദൈവങ്ങൾ കൊടുത്ത ശിക്ഷയാണ് ഈ നഷ്ടം എന്നാണു ബാലകൃഷ്ണപിള പറയുന്നത്. ഇതിൽ കൂടിയതെന്തോ ചെയ്തതുകൊണ്ടാണ് പിള്ളയദ്ദേഹത്തിന്റ മന്ത്രിപ്പണിതന്നെ പോയതെന്നു കരുതാം.

പറയത്തക്ക അനിഷ്ട സംഭവങ്ങളൊന്നും കൂടാതെ ഐ.പി.സി ഇലക്ഷൻ കഴിഞ്ഞു. കെ.സി.ജോൺ മത്സരരംഗത്തില്ലാതിരുന്നതുകൊണ്ടാണ് പ്രശ്നങ്ങളുണ്ടാകാതിരുന്നതെന്നാണ് ചിലർ പറയുന്നത്. ഈ പറയുന്നതിൽ അല്പം കഴമ്പുണ്ടെന്നു പറയാതെവയ്യ. ചുക്കുചേരാത്ത കഷായമില്ല എന്നു പറഞ്ഞതുപോലെ ഐ.പി.സിയിലെ പ്രശ്നങ്ങളിലെല്ലാം ഒരു ഭാഗത്തു കെ.സിയുണ്ടാകും എന്നതു ശരിയല്ലേ.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

അപ്പോൾ ശിഷ്യൻമാർ അടുക്കെ വന്നു: പരീശൻമാർ ഈ വാക്ക് കേട്ട് ഇടറിപ്പോയി എന്ന് അറിയുന്നുവോ എന്ന് ചോദിച്ചു. അതിന് അവൻ: സ്വർഗ്ഗസ്ഥനായ എന്റെ പിതാവു നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പറിഞ്ഞുപോകും. മത്താ.15:12,13.

## ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542

ഫോൺ: **0484-3232356. Mob: 96564 32921**

# അവറാൻ സമാചാരം



അവറാൻ സമാചാരം എന്നു കേട്ടു തെറ്റിദ്ധരിക്കരുത്. പറയാൻ പോകുന്നത് അവറാന്റെ കാര്യമാകുമ്പോൾ സമാചാരം എന്നതു സദാചാരം എന്നു വായിക്കാൻ ഇടയുണ്ട്. അതുകൊണ്ടു പറയട്ടെ, സദാചാരം എന്നല്ല സമാചാരം–വാർത്ത–എന്നാണ് എഴുതിയിരിക്കുന്നത്. ഡിഫെൻറിന്റെ എല്ലാ ലക്കത്തിലും എഴുതാനുള്ള വഹ അവറാൻ ഉണ്ടാക്കിത്തരും. ഇത്തവണയുമുണ്ട് ചിലതൊക്കെ.

ചവർ ചാനലിൽ അവറാൻ നടത്തിയ പ്രസംഗത്തിൽ നിന്നാകട്ടെ തുടക്കം. പാപം കടന്നു വരുന്നതു പഞ്ചേന്ദ്രിയങ്ങളിലൂടെയാണെന്ന് അവറാൻ പറയുന്നു. അതുകൊണ്ട് മനുഷ്യരെ പാപത്തിൽ നിന്നു രക്ഷിക്കാൻ ദൈവം ഒരു പദ്ധതി കണ്ടുപിടിച്ചു – പഞ്ചേന്ദ്രിയങ്ങളെ അഭിഷേകം ചെയ്യുക. പെന്തക്കോസ്ത് നാളിൽ ഇതു സംഭവിക്കുകയും ചെയ്തു. കൊടിയ മുഴക്കം കേട്ടപ്പോൾ ശിഷ്യൻമാരുടെ ചെവികൾ അഭിഷേകം പ്രാപിച്ചു. അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ കണ്ടപ്പോൾ അവരുടെ കണ്ണുകൾ അഭിഷേകം പ്രാപിച്ചു. ആത്മാവ് മുറിയിൽ മുഴുവനും നിറഞ്ഞപ്പോൾ ശിഷ്യൻമാർ അതു ശ്വസിച്ചു. അങ്ങനെ മൂക്കും അഭിഷേകം പ്രാപിച്ചു. അന്യഭാഷ പറഞ്ഞതോടെ നാവിനും കിട്ടി അഭിഷേകം. പരിശുദ്ധാത്മാവു നിറഞ്ഞ മുറിയിൽ നിന്നതുകൊണ്ട് ശിഷ്യൻമാരുടെ തൊലിയും അഭിഷേകം പ്രാപിച്ചു. (ന്റമ്മോ).

ഇന്നും ഈ വിധത്തിലുള്ള അഭിഷേകം പ്രാപിക്കാമെന്നും അവറാന്റെ പ്രസംഗം കേൾക്കുന്നവരെല്ലാം ഇത്തരത്തിലുള്ള അഭിഷേകം പ്രാപിക്കണമെന്നും അവറാൻ ഉപദേശിക്കുന്നുമുണ്ട്. അവറാന് ഈ വിധത്തിലുള്ള അഭിഷേകം ലഭിച്ചിട്ടുണ്ടോ? ഉണ്ടായിരിക്കുമല്ലോ. അതുകൊണ്ടല്ലേ ഇങ്ങനെയൊക്കെ പ്രസംഗിക്കുന്നത്. പക്ഷേ അർക്കില്ലീസിന്റെ കാര്യത്തിൽ സംഭവിച്ചതുപോലെ ശരീരത്തിലെ അല്പം സ്ഥലം അഭിഷേകം പ്രാപിക്കാത്തതായുണ്ടായിരുന്നു. അതുകൊണ്ടാണ് വയനാട്ടിൽ കൺവൻഷൻ പ്രസംഗവും കഴിഞ്ഞ് കോഴിക്കോടുകാരി നേഴ്സിനോടൊപ്പം അവറാൻ മൈസൂറിലേക്കു പോയത്.

നിങ്ങൾക്കു മിഹിർ സെന്നിനെ അറിയാമോ? ഇല്ലെങ്കിൽ അവറാനോടു ചോദിക്കുക. അവറാൻ പറഞ്ഞുതരും. മിഹിർസെൻ ഒരു ധീരകൃത്യം ചെയ്തു: സൂയസ് കനാൽ നീന്തിക്കടന്നു. കുട്ടനാട്ടിലെ പിള്ളേർക്കുപോലും നീന്തിക്കടക്കാൻ കഴിയുന്ന സൂയസ് കനാൽ നീന്തിക്കടക്കുന്നതു ധീരകൃത്യമാകുന്നതെങ്ങനെ?

അവറാന് പൊക്കം കുറവായതെങ്ങനെ? കാറ്റുവീഴ്ചയാണോ? അല്ല. സംഭവം വേറെയാണ്. ആ കഥ ഈയിടെ അവറാൻ അമേരിക്കയിലുള്ളവരോട് ഒരു പ്രസംഗത്തിനിടയിൽ വിവരിച്ചു. പണ്ട് അവറാന്റെ വീട്ടിൽ പെരുത്ത പട്ടിണിയായിരുന്നു. അതുകൊണ്ടു പുതപ്പു വാങ്ങാൻ കഴിഞ്ഞിരുന്നില്ല. പുതപ്പിനു പകരം ചാക്കാണ് ഉപയോഗിച്ചിരുന്നത്. പഴക്കുല ചാക്കിൽ കയറ്റി വയ്ക്കുന്നതുപോലെ ചാക്കിൽ ചുരുണ്ടു കിടന്നതുകൊണ്ടാണ് പൊക്കം വയ്ക്കാതെപോയത്.

# വളഞ്ഞവട്ടൻ ഔട്ടായേക്കും

ഇത്തവണ വളഞ്ഞവട്ടൻ ഔട്ടാകാനുള്ള എല്ലാ സാദ്ധ്യതയും കാണുന്നുണ്ട്. പറഞ്ഞു വരുന്നത് ടി.ജെ.ശാമുവലിന്റെ സഹോദരിയുടട മകനും വളഞ്ഞവട്ടം എ.ജി സഭയുടെ പാസ്റ്ററുമായ ജോൺസണേക്കുറിച്ചാണ്. കളിച്ചുകളിച്ച് ഇത്തവണ കളി കാര്യമായി എന്നു തോന്നുന്നു. അമ്മാച്ചനായ ടി.ജെയ്ക്കുപോലും ഈ മാന്യദേഹത്തെ രക്ഷിക്കാനാവുമെന്നു തോന്നുന്നില്ല.

പ്രധാനമായി രണ്ടു കേസ്സുകളാണ് ജോൺസണെതിരെയുള്ളത്. ഗൾഫുകാരന്റെ ഭാര്യയുമായുള്ള അവിഹിതബന്ധമാണ് അവയിൽ ഒന്ന്. സഭയിലുള്ള ഒരു വിധവയെ ബലാൽസംഗം ചെയ്യാൻ ശ്രമിച്ചതാണ് മറ്റൊരു കേസ്സ്. രണ്ടിനും തെളിവുകളുണ്ട്. പരാതി തികച്ചും ഔദ്യോഗികമായിത്തന്നെ പുനലൂരിൽ എത്തിച്ചു. വിചാരണ ചെയ്യാതിരിക്കാൻ വയ്യാത്ത സ്ഥിതിയുമുണ്ടായി. അതുകൊണ്ട് ലക്ഷ്മിക്കുട്ടി കമ്മറ്റി കേസ്സ് വിചാരണയ്ക്കെടുത്തു. തനിക്കുണ്ടായ അനുഭവം ആ വിധവ വിവരിച്ചതോടെ ജോൺസൺ കുഴഞ്ഞു. ഇവർ പറയുന്നതെല്ലാം കളവാണെന്നൊക്കെ വാദിച്ചു നോക്കിയെങ്കിലും ഫലമുണ്ടായില്ല. അമ്മാച്ചനായ ടി.ജെ ശാമുവൽ വിദേശ പര്യടനത്തിലായതുകൊണ്ട് മരുമകനെ രക്ഷിക്കാൻ കഴിഞ്ഞുമില്ല. ഇപ്പോൾ എല്ലാം രേഖകളായിക്കഴിഞ്ഞു. പക്ഷേ ടി.ജെ.ശാമുവൽ സർവ്വശക്തനാണ്. ടി.ജെ പറയുന്നതേ എ.ജിയിൽ നടക്കൂ. അതുകൊണ്ട് വിദേശത്തുനിന്നെത്തിയാലുടൻ അമ്മാച്ചൻ മരുമകനെ രക്ഷിക്കാനുള്ള വഴി കണ്ടെത്തുമെന്നു പ്രത്യാശിക്കാം.

# പിണ്ണാക്കിൽ പണം മിച്ചം

അത്ഭുതങ്ങളുടെ കാലം അവസാനിച്ചിട്ടില്ലെന്ന് ഇതാ തെളിയുന്നു. എല്ലാ വർഷവും കടത്തിന്റെ കഥ പറഞ്ഞ് അവസാനിക്കുന്ന പിണ്ണാക്കിൽ ഇത്തവണ ഒരുലക്ഷം ഡോളർ മിച്ചമുണ്ടായിരിക്കുന്നു. എന്തതിശയമേ .....

എന്തു മാജിക്കാണ് ഇത്തവണത്തെ സംഘാടകർ കാട്ടിയത്? മറുപടി ഊഹ്യം. ഇത്തവണ കൈയ്യിട്ടുവാരലും ധൂർത്തും ഉണ്ടായില്ല. അതുകൊണ്ടു പണം മിച്ചമായി. കുറച്ചൊന്നുമല്ല, രൂപയായി പറഞ്ഞാൽ അരക്കോടിയോളം രൂപയാണു മിച്ചം വന്നത്.

ഈ പണം അവർ എന്തു ചെയ്യാൻ പോകുന്നു? ഈ വിഷയത്തിലും അവർ മാതൃക കാണിക്കുന്നു. കേരളത്തിലുള്ള 27 സാധു കുടുംബങ്ങൾക്കു വീടുവച്ചു നൽകാനായിരുന്നു ആദ്യ തീരുമാനം. പിന്നീട് ഈ തീരുമാനം പരിഷ്ക്കരിച്ചു. അടുത്ത കോൺഫ്രൻസിന്റെ ആവശ്യത്തിനായി അല്പം പണം നീക്കിവച്ചു. ബാക്കിയുള്ള തുകകൊണ്ട് 100 വീടുകൾ വയ്ക്കാനും തീരുമാനിച്ചു. വീടൊന്നുക്ക് 50,000 രൂപ ചെലവു പ്രതീക്ഷിക്കുന്നു. വീടുവയ്ക്കൽ പരിപാടിയുടെ ചുമതല ഗുഡ്ന്യൂസ് ചാരിറ്റബിൾ സൊസൈറ്റിയെ ഏല്പിച്ചു. 2010 ജനുവരിയോടെ വീടുകളുടെ താക്കോൽ കൈമാറാനാണു പദ്ധതി. സംഗതി ഒന്നാം തരമായിരിക്കുന്നു. അഭിനന്ദനങ്ങൾ.

# സഭയുടെ പണമെടുത്ത് ബഥനിക്കു കൊടുത്തു



കൈസർക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളതു ദൈവത്തിനും എന്നതാണു പ്രമാണം. പക്ഷേ അമേരിക്കയിലുള്ള ഒരു പാസ്റ്റർ ഈ പ്രമാണം തെറ്റിച്ച് സഭയുടെ പണം ബഥനിക്കു കൊടുത്തു. ബഥനി എന്നാൽ ബഥനി അക്കാഡമി (വെണ്ണിക്കുളം)– കെ.സി.ജോൺ ഏറ്റെടുത്തു നടത്തുന്ന ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ. കാര്യം മനസ്സിലായില്ലെങ്കിൽ കുറച്ചുകൂടി വിശദമായി പറയാം.

മാത്യൂസ് ചാക്കോ എന്ന വ്യക്തിയാണ് ബഥനി അക്കാഡമിയുടെ സ്ഥാപകനും ഉടമസ്ഥനും. കാൽ നൂറ്റാണ്ടിൽ അധികം പഴക്കമുള്ള ഈ സ്ഥാപനം എന്തോ ദുരൂഹ കാരണത്താൽ ഈയിടെ കെ.സി.ജോൺ ഏറ്റെടുത്തു. എന്താണു നടന്നതെന്ന് കെ.സി.ജോൺ വിശദീകരിച്ചുമില്ല. ഈ സംഭവത്തിലെ ദുരൂഹത നീക്കണം എന്നാവശ്യപ്പെട്ട് ഡിഫെൻഡർ കുറിപ്പു പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. പക്ഷേ കെ.സി.ജോൺ മിണ്ടിയില്ല. മിണ്ടാനാവാത്തതെന്തൊക്കെയോ ഉണ്ടെന്ന് അതോടെ വ്യക്തമായി.

ഏതാനും ആഴ്ചകൾ കഴിഞ്ഞ് മാത്യൂസ് ചാക്കോ ഹാലേലൂയ്യായിൽ ഒരു അഭിമുഖം പ്രസിദ്ധീകരിച്ചു. അതിൽ ഇപ്രകാരം പറയുന്നു: ''ബഥനി അക്കാദമി വില്പന നടത്തി എന്നതു തെറ്റായ വാർത്തയാണ്. എനിക്കിപ്പോൾ 70 വയസ്സായി. കൂടുതൽ വിപുലമായ നിലയിൽ ബഥനി അക്കാദമി നടത്തിക്കൊണ്ടു പോകേണ്ടതിനും കൂടുതൽ മെച്ചമായ സംവിധാനങ്ങൾ ഒരുക്കേണ്ടതിനുമായി എന്നെ സഹായിക്കുവാൻ എന്റെ സ്നേഹിതരായ റവ. കെ.സി.ജോണിന്റേയും അമേരിക്കയിലെ ബിസിനസ്സുകാരനായ ഇന്റർനാഷണൽ ബിസിനസ്സ് ഗ്രൂപ്പ് ഉടമയായ റോയ് വർഗീസിന്റേയും സഹകരണം സ്വീകരിച്ചു എന്നേയുള്ളൂ.'' ഇതാണു മാത്യൂസ് ചാക്കോ പറഞ്ഞത്.

ഇവർ ഏതു വിധത്തിലുള്ള സഹകരണമാണു നൽകുന്നത് എന്നു മാത്യൂസ് ചാക്കോ പറഞ്ഞില്ല. സ്ക്കൂൾ നടത്തിപ്പിനേക്കുറിച്ച് ഒന്നും അറിഞ്ഞുകൂടാത്ത കെ.സി.ജോണിനും റോയ് വർഗീസിനും പണം കൊടുത്തു മാത്രമേ സഹായിക്കാൻ കഴിയൂ എന്നു വ്യക്തമാണല്ലോ. എത്ര രൂപ കൊടുത്തു എന്നു ചോദിച്ചിട്ട് കെ.സി.ജോൺ മിണ്ടുന്നുമില്ല. കോടികൾ കൊടുത്തുകാണുമെന്നു തീർച്ച. ബിസിനസ്സുകാരനായ റോയ് വർഗീസ് പണം കൊടുത്തതിനേക്കുറിച്ച് മറ്റുള്ളവർ അന്വേഷിക്കേണ്ടതുമില്ല. അങ്ങനെ ഈ പ്രശ്നം ആറിത്തണുത്തെന്നു കരുതി ഇരിക്കുമ്പോൾ ഇതാ വരുന്നൂ ബോംബ്.

സംഗതി ചുരുക്കി പറയാം: ബിസിനസ്സുകാരനെന്നു മാത്യൂസ് ചാക്കോ പറഞ്ഞ റോയ് വർഗീസ് അമേരിക്കയിലെ സാൻ ഹൊസെയിലെ ഓപ്പൺ ബൈബിൾ ചർച്ചിന്റെ പാസ്റ്ററാണ്. സഭയുടെ ഫണ്ടിൽ കിടന്ന ഒരുകോടിയോളം രൂപയാണ് പാസ്റ്റർ വിശ്വാസികളറിയാതെ എടുത്തു കൊടുത്തത്. പക്ഷേ സംഭവം വിശ്വാസികൾ ഈയിടെ കണ്ടുപിടിച്ചു. അതോടെ പ്രശ്നമായി. പണം സഭാഫണ്ടിലേക്കു മടക്കി നൽകില്ലെന്നു റോയ് ശഠിച്ചതോടെ ചിലർ സഭ വിട്ടുപോയി. മറ്റു ചിലർ ഉടൻ വിട്ടുപോകും. സഭയിൽ അവശേഷിക്കുന്നത് വിരലിൽ എണ്ണാവുന്നവർ മാത്രമായിരിക്കും.





# മോനായി പറഞ്ഞതും പറയാത്തതും

നിഷ്ക്കളങ്കനായ ഒരാളെ ഒരിക്കൽ നാട്ടുകാരെല്ലാം ചേർന്നു പൊതിരെ തല്ലി. കലാപരിപാടി കഴിഞ്ഞ് നാട്ടുകാർ പിരിഞ്ഞപ്പോൾ ഒരു വഴിപോക്കൻ നിഷ്ക്കളങ്കനോടു കാര്യം തിരക്കി. അയാൾ പറഞ്ഞതിങ്ങനെ: ''വഴിയിൽ കിടന്ന ഒരു കയർ ഞാൻ എടുത്തുകൊണ്ടുപോയി''. ഇത്ര ചെറിയ കാര്യത്തിന് ഇങ്ങനെ തല്ലാമോ? വഴിപോക്കനു ധാർമ്മികരോഷമുണ്ടായി. അപ്പോൾ നിഷ്ക്കളങ്കൻ പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു: ''കയറിന്റെ അറ്റത്ത് ഒരു പശുവും ഉണ്ടായിരുന്നു''.

ഐ.പി.സിയിലെ ഇലക്ഷൻ മാമാങ്കത്തിന്റെ ഭാഗമായി മോനായി പ്രസിദ്ധീകരിച്ച സപ്ലിമെന്റിന്റെ ആദ്യ പേരിൽ സ്വന്തം മഹത്വം വർണ്ണിച്ചിരിക്കുന്നതു വായിച്ചപ്പോൾ മേല്പടി നിഷ്ക്കളങ്കനെയാണ് ഓർമ്മ വന്നത്. മോനായി പറഞ്ഞതൊക്കെ കേട്ടാൽ ഇത്ര നല്ലവനായ ഒരു പാസ്റ്റർ ഈ ഭൂമിമലയാളത്തിൽ വേറെ ഇല്ലെന്നു തോന്നും. പക്ഷേ പറയാത്ത കാര്യങ്ങൾകൂടി അറിയുമ്പോൾ മോനായിയെ ഓടിച്ചിട്ടു തല്ലും. ഇതാ ചില സാമ്പിളുകൾ:

1. മോനായി പറയുന്നു: (പറയാത്തത് ബ്രാക്കറ്റിൽ)

ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ മഹത്തായ ആത്മീയ പൈതൃകമുള്ള പ്രസ്ഥാനമാണ്. (ശരിതന്നെ. അതുകൊണ്ട് മോനായിയേപ്പോലുള്ളവരെ ഐ.പി.സിയുടെ ഏഴയലത്ത് അടുപ്പിക്കരുത്.)

2. സഭയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും അനുഗ്രഹീതമായ പ്രവർത്തനത്തിനും കരുത്തുള്ള ഒരു ആത്മീയ നേതൃത്വം ഐ.പി.സിക്ക് അനിവാര്യമാണ്. (ഈ കാരണത്താൽ മോനായി തെരഞ്ഞെടുക്കപ്പെടരുത്).

3. കഴിഞ്ഞ 20ൽ അധികം വർഷങ്ങളായി സഭാശുശ്രൂഷകനായിരിക്കുവാൻ ദൈവം എനിക്കു കൃപ നൽകി. (ദൈവം മോനായിയെ തട്ടിക്കളഞ്ഞില്ല എന്നതു കൃപ തന്നെ. മോനായി ഐ.പി.സിയിലെ പാസ്റ്ററായിട്ട് 10 വർഷം കഴിഞ്ഞതേയുള്ളൂ. 1997ൽ മാത്രമാണ് മോനായി ഐ.പി.സിയിൽ അംഗമായത്. അതിനു മുൻപുള്ള കാലം ചിങ്ങവനം തമ്പിയുടെ സഭയിലായിരുന്നു. ആനി എന്ന സ്ത്രീയുമായി മോനായിക്കുണ്ടായിരുന്ന അവിഹിതബന്ധം പരസ്യമായതോടെ ചിങ്ങവനം തമ്പി മോനായിയെ സഭയിൽ നിന്നു പുറത്താക്കി. മറ്റു പോംവഴിയൊന്നും കാണാതായപ്പോൾ മോനായി 1997ൽ പുതുപ്പള്ളി ഐ.പി.സിയിൽ അംഗമായി. ഐ.പി.സിയിൽ 15 വർഷത്തെ അംഗത്വം ഇല്ലാത്തതുകൊണ്ട് മോനായി സ്ഥാനാർത്ഥിയാകാൻ യോഗ്യനല്ല).



4. മോനായി കരുണാപുരം ഏരിയ സെക്രട്ടറിയായിരുന്നു. (തിരുവല്ലയിലുള്ള ഒരു സഭയിൽ പാസ്റ്ററായിരിക്കെ സഭാംഗമായ ഒരു സ്ത്രീയെ ബലാൽസംഗം ചെയ്യാൻ മോനായി ശ്രമിച്ചു. ഈ സംഭവം പരസ്യമായതോടെ ഒരു സഭയും മോനായിയെ പാസ്റ്ററായി സ്വീകരിക്കാൻ തയ്യാറായില്ല. അങ്ങനെ മോനായി മലകയറി. ഇടുക്കി ജില്ലയിലെ കരുണാപുരം ഏരിയ എന്ന സാങ്കല്പിക ലോകത്തിന്റെ അധിപനാണ് മോനായിയുടെ അമ്മായിയപ്പൻ. മരുമകനെ കൈവിടാൻ അമ്മായിയപ്പനു മനസ്സുവന്നില്ല. അതുകൊണ്ട് മോനായി കരുണാപുരം ഏരിയയുടെ സെക്രട്ടറിയായി. അമ്മായിയപ്പന് ഏരിയ ഉണ്ടെങ്കിൽ ഏതു മരുമകനും സെക്രട്ടറിയാകാം.

5. മോനായി ഇപ്പോൾ തിരുവല്ല മുത്തൂർ സഭയുടെ പാസ്റ്ററാണ്. (കരുണാപുരത്ത് ചുമ്മാസെക്രട്ടറിയായിരുന്നു മടുത്തപ്പോൾ മോനായി തിരുവല്ലയിൽ സ്വന്തം വീട്ടിൽ ഒരു സഭ തുടങ്ങി. ഒരു സഭയിലും എടുക്കാത്ത ചിലർ മോനായിയോടു ചേർന്നു. ഇതാണ് മോനായി പറയുന്ന ചവ).

6. മോനായി 36 പുസ്തകങ്ങൾ എഴുതി. (വല്ലവരും എഴുതിയ 36 പുസ്തകങ്ങൾ മോനായിയുടെ പേരുവച്ച് പ്രസിദ്ധീകരിച്ചു എന്നതാണു സത്യം).

7. മോനായി പഠിച്ച ബൈബിൾ കോളേജുകളുടെ നീണ്ട ലിസ്റ്റാണ് അടുത്തത്. (പത്താം ക്ലാസ്സുകാരനായ മോനായി ചിങ്ങവനം തമ്പിയുടെ ബൈബിൾ സ്കൂളിലും പായിപ്പാട്ടും പഠിച്ചു എന്നതു സത്യം. പായിപ്പാടുകാർ മനസ്സലിഞ്ഞ് ഒരു ബി.റ്റി.എച്ച് കൊടുത്തു. പിന്നീട് ബാംഗ്ലൂരിലുള്ള ഒരു സ്ഥാപനത്തിൽ എം.ഡിവ് കറസ്പോണ്ടൻസ് കോഴ്സിൽ ചേർന്നു. മറ്റുള്ളവരെക്കൊണ്ട് അസൈൻമെന്റുകൾ എഴുതിച്ചു കൊടുത്ത് എം.ഡിവ് നേടി. അതു കഴിഞ്ഞ് ബാംഗ്ലൂർ സയാക്സിൽ എം.റ്റി.എച്ചിനു ചേർന്നു. ഇംഗ്ലീഷിൽ ഒരു വാചകം തെറ്റുകൂടാതെ എഴുതാനുള്ള അറിവുപോലും മോനായിക്കില്ലെന്നു വ്യക്തമായതോടെ സായാക്സിൽ നിന്നു മോനായി പുറത്തായി. ബാംഗ്ലൂരിൽ തന്നെയുള്ള മറ്റൊരു സ്ഥാപനത്തിൽ വീണ്ടും എം.റ്റി.എച്ചിനു ചേർന്നെങ്കിലും അവിടെ പരീക്ഷയുണ്ടെന്നു കേട്ടതോടെ മോനായി സ്ഥലം വിട്ടു. ഇതുയുമാണ് മോനായിയുടെ വിദ്യാഭ്യാസം).

8. ഇപ്പോൾ ഡോക്ട്രേറ്റിനു പഠിക്കുന്നു. (എവിടെയാണാവോ? ബി.എ.യ്ക്കു തോറ്റവൻ എം.എയ്ക്കു പഠിക്കുന്നു എന്നു പറഞ്ഞതുപോലെയാണിത്. എം.റ്റി.എച്ച് കിട്ടുകയില്ലെന്നു വ്യക്തമായപ്പോൾ ഡോക്ട്രേറ്റിനു പഠിക്കുന്നു. ബലേ ഭേഷ്).

9. ഇരുപതിൽ അധികം രാജ്യങ്ങൾ സന്ദർശിച്ചു. (സന്ദർശിക്കാമല്ലോ. നാണമില്ലാത്തവന് ഇരുപതല്ല ഇരുനൂറു രാജ്യങ്ങൾ സന്ദർശിക്കാം. എങ്ങനെയെങ്കിലും വിസ സംഘടിപ്പിച്ച് തെണ്ടാൻ ഇറങ്ങുകയാണു ചെയ്യുന്നത്. അല്ലാതെ ആരും വിളിച്ചിട്ടു പോകുന്നതല്ല).

സ്വന്തം മഹത്വം ഇങ്ങനെയൊക്കെ വാഴ്ത്തിപ്പാടിയിട്ടും ശ്രീമാൻ മോഷണായി തെരഞ്ഞെടുപ്പിൽ തോറ്റു എന്നത് ദുഃഖസത്യമായി അവശേഷിക്കുന്നു. ഐ.പി.സിയിൽ വിവരദോഷികൾ ഏറെയുണ്ടെങ്കിലും വിവരമുള്ളവരും ഉണ്ടെന്ന് ഈ തെരഞ്ഞെടുപ്പിലൂടെ വ്യക്തമായി.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** അസംബ്ലീസ് ഓഫ് ഗോഡിന്റെ അന്തർദ്ദേശീയ ഭരണസമിതിയിൽ സ്ത്രീകൾക്കും പ്രാതിനിധ്യം അനുവദിച്ചതായി കേട്ടു. ഇതേപ്പറ്റി ഡിഫെൻഡറിൽ വാർത്ത കണ്ടില്ലല്ലോ.

■ വാർത്ത കൊടുക്കാൻ തക്ക പ്രാധാന്യം ഈ സംഭവത്തിനുള്ളതായി തോന്നിയില്ല. അതുകൊണ്ടാണ് വാർത്ത കൊടുക്കാതിരുന്നത്. ചില തെറ്റിദ്ധാരണകൾ മൂലമാണ് ഇത്തരം സംഭവങ്ങൾക്കു വാർത്താ പ്രാധാന്യം ഉണ്ടാകുന്നത്. വിശദീകരിക്കാം:

ഭൂരിപക്ഷം പട്ടത്വ സഭകളും സ്ത്രീകൾക്കു പൗരോഹിത്യം നൽകാറില്ല. ഇപ്പോൾ ചില പട്ടത്വ സഭകളിൽ സ്ത്രീകൾ ബിഷപ്പുമാർ വരെ ആയിട്ടുണ്ടെങ്കിലും സ്ത്രീകൾക്കു പൗരോഹിത്യം നൽകുന്നതിന് എതിരായ വികാരമാണ് പൊതുവെ നിലനിൽക്കുന്നത്. പെന്തക്കോസ്ത് സഭകളിലും ഈ ചിന്താഗതിയുടെ സ്വാധീനമുണ്ട്. പാസ്റ്ററെന്നത് പട്ടത്വ സഭകളിലെ പുരോഹിതനു തുല്യമായ പദവിയാണെന്നു ധരിച്ചു വച്ചിരിക്കുന്നവരാണു പെന്തക്കോസ്തിൽ ഭൂരിപക്ഷവും.

ദൈവവചനം പഠിച്ചാൽ പാസ്റ്ററെ കൂടാതെ മറ്റു ചില ശുശ്രൂഷകരും ഉള്ളതായി കാണാം. അപ്പോസ്തലൻ, പ്രവാചകൻ, സുവിശേഷകൻ, പാസ്റ്റർ, അദ്ധ്യാപകൻ എന്നിവരാണ് ദൈവസഭയിലെ ശുശ്രൂഷകർ. ദൈവമക്കളെ ശുശ്രൂഷ ചെയ്യാൻ പരിശീലിപ്പിക്കുകയാണ് ഇവരുടെ ജോലി. പൗരോഹിത്യം എന്ന ആശയംപോലും ഇവിടെ വരുന്നില്ല. പ്രാദേശിക സഭയിൽ ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരത്തികളും ഉണ്ടായിരിക്കണം. ഇവരുടെ മേൽനോട്ടക്കാരനാണ് പാസ്റ്റർ അല്ലെങ്കിൽ ബിഷപ്പ്. ഇതൊന്നുമല്ലല്ലോ പെന്തക്കോസ്തിൽ പോലും നടക്കുന്നത്.

ദൈവസഭയിലെ ശുശ്രൂഷകളിൽ ഏതൊക്കെ സ്ത്രീകൾക്കു ചെയ്യാം? സ്ത്രീ അപ്പൊസ്തോലിക ശുശ്രൂഷ ചെയ്തതായി ദൈവവചനത്തിൽ കാണുന്നില്ല. എന്നാൽ സ്ത്രീകൾക്കു പ്രവാചകശുശ്രൂഷ ചെയ്യാം. സ്ത്രീകൾ സുവിശേഷകരായി പ്രവർത്തിച്ചതിനു തെളിവുണ്ട്. പക്ഷേ സ്ത്രീ ഇടയശുശ്രൂഷ ചെയ്തതായി കാണുന്നില്ല. പുരുഷന്റെമേൽ അധികാരം നടത്താൻ സ്ത്രീക്ക് അനുവാദമില്ല എന്നതുതന്നെ കാരണം. സ്ത്രീകളേയോ കുട്ടികളെയോ സ്ത്രീകൾ ദൈവവചനം പഠിപ്പിക്കുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. പ്രാദേശിക സഭയിൽ ശുശ്രൂഷകൻമാർ മാത്രമല്ല ശുശ്രൂഷക്കാരത്തികളും ഉണ്ടായിരിക്കണം. പക്ഷേ അദ്ധ്യക്ഷൻ (പാസ്റ്റർ) പുരുഷനായിരിക്കണം. ഇതൊക്കെയാണ് ദൈവവചനം പരിശോധിച്ചാൽ കാണുക.

അസംബ്ലീസ് ഓഫ് ഗോഡിന്റെ കാര്യമാണല്ലോ പറഞ്ഞുവന്നത്. എ.ജി എന്നത് ദൈവസഭയല്ല ഒരു സംഘടനയാണ്. ഓരോ രാജ്യത്തും അതാതു രാജ്യത്തിലെ നിയമം അനുസരിച്ച് സംഘടനകൾ രജിസ്റ്റർ ചെയ്യുന്നു. പക്ഷേ ഈ സംഘടനകളൊന്നും ദൈവീക പദ്ധതിയിലുള്ളതല്ല. ഇവയൊന്നും ദൈവസഭകളുമല്ല. സഭകൾ എന്ന പേരിൽ അറിയപ്പെടുന്ന ഈ സംഘടനകളെല്ലാം മനുഷ്യനിർമ്മിതമാണ്.

രാജ്യത്തെ നിയമം അനുസരിച്ചു രജിസ്റ്റർ ചെയ്യുന്ന സംഘടനകൾ രാജ്യത്തെ നിയമം അനുസരിച്ചു പ്രവർത്തിക്കണം. അതിൽ തെറ്റൊന്നുമില്ല. ജനാധിപത്യ രാഷ്ട്രങ്ങളിൽ സ്ത്രീക്കും പുരുഷനും തുല്യ അവകാശമാണുള്ളത്. ഇന്ത്യയുടെ പ്രസിഡന്റ് ഒരു സ്ത്രീയാണ്. ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയും സ്ത്രീയായിരുന്നു. ഇത്തവണ അമേരിക്കയിലും ഒരു സ്ത്രീ പ്രസിഡന്റാകുമെന്ന സ്ഥിതി വന്നതാണ്. ഭാവിയിൽ അതു സംഭവിക്കുകയും ചെയ്യും. ഇതൊന്നും തെറ്റാണെന്നു പറയാനാവില്ല.

ദൈവസഭയിൽ സ്ത്രീ ഭരണം നടത്തുന്നതു മ്ലേച്ഛതയാണെന്നും മറ്റുമുള്ള വാദത്തിൽ കഴമ്പില്ല. പ്രവാചകരായും സുവിശേഷകരായും അദ്ധ്യാപകരായും പ്രാദേശിക സഭകളിലെ ശുശ്രൂഷകരായും സ്ത്രീകൾക്കു പ്രവർത്തിക്കാം. (ശ്രദ്ധിക്കുക: ശുശ്രൂഷകർ എന്നതുകൊണ്ട് പാസ്റ്റർമാർ എന്നല്ല അർത്ഥമാക്കുന്നത്. സ്ത്രീ പാസ്റ്ററായതായി ദൈവവചനത്തിൽ കാണുന്നില്ല).

ദൈവവചനത്തിലില്ലാത്ത എ.ജി., ഐ.പി.സി., ശാരോൻ, ചർച്ച് ഓഫ് ഗോഡ് തുടങ്ങിയ സംഘടനകളുടെ നേതൃസ്ഥാനത്ത് സ്ത്രീകൾ വരുന്നത് ദൈവസഭയുമായി ബന്ധപ്പെട്ട കാര്യമല്ല. കാരണം, ഈ സംഘടനകളൊന്നും ദൈവസഭയല്ല എന്നതുതന്നെ. ഈ സംഘടനകളുടെ നേതാക്കൻമാർ ആയതുകൊണ്ട് ആരും ദൈവദാസൻമാരോ ശുശ്രൂഷകരോ ആകുന്നുമില്ല.

വിശ്വാസി, പ്രാദേശിക സഭ, ആകമാനസഭ എന്നിവ മാത്രമേ ദൈവീക പദ്ധതിയിലുള്ളൂ. ഇവയുടെ പ്രവർത്തനം ദൈവവചനപ്രകാരം ആയിരിക്കണം. മനുഷ്യ നിർമ്മിതമായ സംഘടനകൾ മാനുഷിക നിയമങ്ങൾ അനുസരിച്ചു ഭരിക്കപ്പെടട്ടെ. ഈ സംഘടനകളെ ദൈവീകമായും ദൈവസഭകളായും തെറ്റിദ്ധരിക്കുന്നത് ഒഴിവാക്കിയാൽ തീരുന്ന പ്രശ്നമേ ഇവിടെയുള്ളൂ.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി


നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9656432921 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചു തരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:
T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# അന്തക്കൈയ്യടിക്കിന്തപ്പട്ട്



''ഹന്ത! കല്പാന്തതോയേ'' എന്നതിലെ ഹന്തയ്ക്ക് ഉദ്ദണ്ഡ ശാസ്ത്രികൾ പുനം നമ്പൂതിരിക്ക് ''അന്തഹന്തയ്ക്കിന്തപ്പട്ട്''എന്നു പറഞ്ഞുകൊണ്ട് പട്ടു കൊടുത്തതായി കേട്ടിട്ടുണ്ട്. ഈയിടെ ഉണ്ടായ ഒരു കൈയ്യടിക്കും ഈ വിധത്തിൽ വല്ല പട്ടോ, കുറഞ്ഞ പക്ഷം അച്ചൻകുഞ്ഞ് ഇലന്തൂർ കെ.സി.ജോണിനു കൊടുത്തതു പോലുള്ള വിശേഷവസ്ത്രമോ കൊടുക്കേണ്ടതായിരുന്നു. സംഭവം ചുരുക്കിപ്പറയാം.

സംഭവം നടന്നത് റാന്നിക്കു സമീപമുള്ള നെല്ലിക്കമണ്ണിലാണ്. ഒരു പെന്തക്കോസ്ത് കല്യാണം പൊടിപൂരമായി നടക്കുന്നു. പണമുള്ള സമുദായക്കാർ തിരുമേനിമാരെ വിളിച്ചുകൊണ്ടുവന്നു കല്യാണം ആശീർവദിപ്പിക്കുന്നതുപോലെ പണക്കാരായ പെന്തക്കോസ്തുകാർ സഭാനേതാക്കൻമാരെയാണല്ലോ കല്യാണം നടത്താൻ വിളിക്കുക. ഈ കഥയിലെ കല്യാണക്കാർ ഐ.പി.സി സ്റ്റേറ്റ് പ്രസിഡന്റായ കെ.എം.ജോസഫിനെയാണ് വിവാഹം നടത്താനായി വിളിച്ചുകൊണ്ടുവന്നത്.

പെന്തക്കോസ്ത് വിവാഹങ്ങളോളം ബോറായി മറ്റെന്തെങ്കിലുമുണ്ടെങ്കിൽ അതു പെന്തക്കോസ്ത് ശവമടക്കു മാത്രമാണ്. രണ്ടിടത്തും പ്രസംഗപരമ്പരയെന്ന ബോറ് ഏവരും സഹിക്കണം. സമുദായക്കാരും മറ്റും വന്നുകൂടുന്ന സ്ഥലമായതുകൊണ്ട് പ്രസംഗകരെല്ലാം പരമാവധി ഷൈൻ ചെയ്യാൻ ശ്രമിക്കും. അങ്ങനെ പ്രസംഗവധം അന്തവും കുന്തവുമില്ലാതെ നീളും. നെല്ലിക്കമണ്ണിലും ഇതുതന്നെ സംഭവിച്ചു.

സമുദായക്കാരുൾപ്പെടെയുള്ളവരെ മുമ്പിൽ കിട്ടിയതോടെ കെ.എം.ജോസഫ് പ്രസംഗം കേമമാക്കി. നൂറ്റാണ്ടുകൾ പഴക്കമുള്ള വളിപ്പുകളുടെ അകമ്പടിയോടെ പ്രസംഗം കത്തിക്കയറി. എല്ലാവരും മടുത്തു. ശരിക്കും ബോറടിച്ചു. പക്ഷേ വല്ലതും പറയാൻ പറ്റുമോ? സ്റ്റേറ്റ് പ്രസിഡന്റല്ലേ. അങ്ങനെയിരിക്കുമ്പോൾ സമുദായക്കാരനായ ഒരാൾ എഴുന്നേറ്റുനിന്ന് കൈ കൊട്ടി. ഏവരും അങ്ങോട്ടു നോക്കി. അയാൾ കെ.എം.ജോസഫിനോടു പറഞ്ഞു: ''കുറേനേരമായല്ലോ തുടങ്ങിയിട്ട്. മതി, ഇനി നിർത്ത്. ബാക്കി വല്ലതുമുണ്ടെങ്കിൽ ചെറുക്കനും പെണ്ണിനും എഴുതി കൊടുത്താൽ മതി''. ശേഷം ചിന്ത്യം. (ഇനി പറയൂ, ഈ കൈയ്യടിക്ക് പട്ടു മാത്രമല്ല വളയും കൊടുക്കേണ്ടതല്ലേ?)

# സി.എ ക്യാമ്പ് അസ്സലാകും

എ.ജിയുടെ യുവജനവിഭാഗമായ സി.എയുടെ ക്യാമ്പ് സെപ്റ്റംബർ 1-3 തീയതികളിൽ അടൂർ മാർതോമ്മാ യൂത്ത് സെന്ററിൽ നടക്കുന്നതായി അറിഞ്ഞു. സംഗതി കൊള്ളാം. പക്ഷേ നേതാക്കൻമാരുടേയും പ്രസംഗകരുടേയും ലിസ്റ്റ് കണ്ടപ്പോൾ പ്രോഗ്രാം അസ്സലാകുമെന്ന് ഉറപ്പായി. ചുമ്മാ ഡോ ബാബു ജോർജ്ജാണ് ഉദ്ഘാടകൻ. നല്ല വിവരമുള്ള മനുഷ്യനാണ്. മൂവാറ്റുപുഴയിൽ നടത്തിയതു പോലുള്ള ഒരു പ്രസംഗംകൂടിയായാൽ ജോറാകും. 'വിശുദ്ധി' എന്നതാണു ചിന്താവിഷയം. ഇതു ശരിക്കും ചിന്തിക്കേണ്ട വിഷയംതന്നെ. കാരണം ഈ വിഷയത്തേക്കുറിച്ചു ക്ലാസ്സെടുക്കുന്നവരുടെ ലിസ്റ്റിൽ എ.ഷാജിയുടെ പേരുമുണ്ട്. വിശുദ്ധിയും ഷാജിയും തമ്മിലുള്ള ബന്ധം വിശേഷിച്ചു പറയേണ്ടതില്ലല്ലോ. കെ.എ.ഏബ്രഹാമിന്റെ അളിയനും എ.ജിയിലെ പാസ്റ്ററുമായ മത്തായിക്കുട്ടി, ടി.ജെ.ശാമുവലിന്റെ സഹോദരിയുടെ മകനും വളഞ്ഞവട്ടത്തെ പാസ്റ്ററുമായ ജോൺസൺ, തൊടുപുഴയിലെ എൻ.ജി.രാജു എന്നിവരേക്കൂടി വിളിക്കേണ്ടതായിരുന്നു.




# സൗജന്യം നഹി

സുഭാഷിതം ന്യൂസ് പേപ്പർ ഐ.പി.സിയിലെ എല്ലാ ശുശ്രൂഷകന്മാർക്കും കഴിഞ്ഞ രണ്ട് മാസമായി സൗജന്യമായി അയച്ചുകൊണ്ടിരിക്കുന്നു. തുടർന്ന് പത്രം ലഭിക്കുവാൻ 100 രൂപ വരിസംഖ്യ അയച്ച് സഹകരിക്കുക.

സുഭാഷിതം ഐ.പി.സിയിലെ ശുശ്രൂഷകൻമാർക്കെല്ലാം കഴിഞ്ഞ രണ്ടു മാസമായി സൗജന്യമായി നൽകിയിരുന്നെന്നും ഇനി ആ പരിപാടി നടക്കില്ലെന്നും മോനായി അറിയിച്ചിരിക്കുന്നു. (വോട്ടുപിടിക്കാനുള്ള തന്ത്രമായിരുന്നു സൗജന്യമെന്ന രഹസ്യം ആരുമറിഞ്ഞിട്ടില്ല, ട്ടോ). അത്യന്തം ക്രൂരമായ ഈ അറിയിപ്പു കേട്ട് നിരവധി ശുശ്രൂഷകൻമാർ നെഞ്ചത്തടിച്ചു കരഞ്ഞതായാണറിവ്. ഇത്ര വലിയ ക്രൂരത കാട്ടാൻ മോനായിക്ക് എങ്ങനെ തോന്നുന്നു എന്നു മനസ്സിലാകുന്നില്ല. സുഭാഷിതം വായിക്കാതെ ജീവിക്കുന്നതിൽ അർത്ഥമില്ലെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്. (വായിച്ചാൽ ജിവിതമേ വേണ്ടെന്നു വയ്ക്കുമെന്നതു വേറെ കാര്യം). അതുകൊണ്ട് ഐ.പി.സിയിലെ പാവപ്പെട്ട ശുശ്രൂഷകൻമാർക്കെങ്കിലും സുഭാഷിതം സൗജന്യമായി അയച്ചുകൊടുക്കാൻ മോനായി ദയ കാട്ടണം, പ്ലീസ്.

# പത്രക്കാർ കൊയ്തു

ഓണം പിറന്നാലും ഉണ്ണി പിറന്നാലും കോരനു കുമ്പിളിൽ കഞ്ഞി എന്നൊരു ചൊല്ലുണ്ട്. ഇതിന്റെ നേർവിപരീത അർത്ഥത്തിൽ ഒരു ചൊല്ല് പെന്തക്കോസ്തു പത്രക്കാരോടുള്ള ബന്ധത്തിൽ ഉണ്ടാക്കാം. കൺവൻഷൻ, ക്രൂസേഡ്, ഉപവാസം, വിവാഹം, മരണം, ഇലക്ഷൻ തുടങ്ങി എന്തു നടന്നാലും പെന്തക്കോസ്ത് പത്രങ്ങൾക്കു കുശാലാണ്. ഐ.പി.സി തെരഞ്ഞെടുപ്പിന്റെ കാര്യം പറയുകയും വേണ്ട.

ചുരുക്കം ചില പത്രങ്ങളൊഴികെ എല്ലാവരും സ്ഥാനാർത്ഥികളുടെ പരസ്യങ്ങൾ പ്രസിദ്ധീകരിച്ചു. ചില പത്രങ്ങൾ സപ്ലിമെന്റുകളും പ്രസിദ്ധീകരിച്ചു. സ്ഥാനാർത്ഥികളുടെ ഗുണഗണങ്ങൾ വാഴ്ത്തി പാടുന്നവയായിരുന്നു എല്ലാം. ഇത്രത്തോളം മഹാൻമാർ ഐ.പി.സിയിൽ ഉണ്ടെന്നറിഞ്ഞത് ഇപ്പോഴാണ്.

പക്ഷം പിടിച്ചു സപ്ലിമെന്റിറക്കിയവരുണ്ട്. പക്ഷം നോക്കാതെ സപ്ലിമെന്റിറക്കി പണം വാരിയവരുമുണ്ട്. ഓരോ പക്ഷത്തിനുംവേണ്ടി പ്രത്യേകം സപ്ലിമെന്റിറക്കിയ വിരുതൻമാരുമുണ്ട്. എല്ലാവർക്കും ഒരേ ലക്ഷ്യം: നമുക്കും കിട്ടണം പണം.

സ്വന്തമായി പത്രമുള്ള സ്ഥാനാർത്ഥികളുടെ ഭാഗ്യം വർണ്ണനാതീതമാണ്. സ്വന്തം പടം ഒന്നാം പേജിൽത്തന്നെ അടിച്ചുവിടാം എന്നതാണ് ഒരു മേൻമ. മറ്റു സ്ഥാനാർത്ഥികളുടെ പരസ്യം ഇടുന്ന വകയിൽ കിട്ടുന്ന പണം എക്സ്ട്രാ. പത്രക്കാരൻ പിണങ്ങിയാൽ വോട്ടു മറിയും. അതുകൊണ്ടു പത്രക്കാരെ സന്തോഷിപ്പിച്ചു നിർത്താനായി സ്ഥാനാർത്ഥികൾ കൊടുക്കുന്ന സ്തോത്രക്കാഴ്ചയുടെ കാര്യം പറയുകയും വേണ്ട. ഈ സൗകര്യങ്ങളൊക്കെയുണ്ടായിട്ടും മോനായി തോറ്റുപോയതാണ് അത്ഭുതം.

# മുല്ലക്കര ഗൾഫിലും അത്ഭുതം പ്രവർത്തിക്കും



മുല്ലക്കരയും അത്ഭുതവും തമ്മിലുള്ള ബന്ധം ചക്കരയും ഈച്ചയും തമ്മിലുള്ള ബന്ധം പോലെ അഭേദ്യമാണ്. എവിടെ മുല്ലക്കരയുണ്ടോ അവിടെ അത്ഭുതവും പറന്നെത്തും. അമേരിക്കയിലെ സ്ഥിതിയും മറിച്ചല്ല. മുല്ലക്കര തട്ടിപ്പുകാരനാണെന്നും ഇയാൾക്കു പണം കൊടുത്തു വിഡ്ഢികളാകരുതെന്നും ഡിഫെൻഡർ പലവട്ടം പറഞ്ഞിട്ടും വിശ്വാസം വരാത്തവർ ഏറെയുണ്ട്. അങ്ങനെയുള്ളവർ മുല്ലക്കരയ്ക്കു പ്രോഗ്രാമും പണവും കൊടുത്തു വിഡ്ഢികളാകുന്നുമുണ്ട്.

കർത്താവ് അത്ഭുതം പ്രവർത്തിക്കുന്നതു കാണാൻ പിന്നാലെ നടന്നവരുണ്ട്. പക്ഷേ അവരാരും ക്രൂശിന്റ ഏഴയലത്തു പോലും വന്നില്ല. ഇപ്പോഴിതാ ഇല്ലാത്ത അത്ഭുതത്തിന്റെ പിന്നാലെ ജനം പരക്കം പായുന്നു. ഇതാണു സാക്ഷാൽ അത്ഭുതം.

പുറമെ കാണാനാവാത്ത അസുഖങ്ങളാണ് മുല്ലക്കര സൗഖ്യമാക്കുന്നതെന്ന് ഡിഫെൻഡർ പറഞ്ഞപ്പോൾ വിശ്വാസം വരാത്തവരുണ്ട്. പക്ഷേ നേരിൽ കണ്ടു ബോദ്ധ്യപ്പെടാൻ കഴിയുന്ന ഒരത്ഭുതവും മുല്ലക്കര നാളിതുവരെ ചെയ്തിട്ടില്ല. അമേരിക്കയിലെ സ്ഥിതിയും ഇതുതന്നെ. ന്യൂജേഴ്സിയിലെ ക്രൈസ്റ്റ് അസംബ്ലി ഓഫ് ഗോഡ് നടത്തിയ യോഗത്തിന്റെ നോട്ടീസിൽ മുല്ലക്കര സൗഖ്യമാക്കുന്ന രോഗങ്ങളേപ്പറ്റി ഇപ്രകാരം പറയുന്നു: ''Back or neck problems, allergies, arthritis or rheumatism, difficulty in walking, frequent headaches, lung problems, digestive problems, gynechological problems, anxiety attacks, heart problems or chest pain, diabetis etc." എപ്പടി?!

പുറമെ കാണാവുന്ന ഒരു രോഗമെങ്കിലും ഇക്കൂട്ടത്തിലുണ്ടോ? അതാണു പുത്തി. രോഗമുണ്ടെന്നു പറയാനും അത്ഭുത രോഗശാന്തി ലഭിച്ചു എന്നവകാശപ്പെടാനും എളുപ്പം. രോഗശാന്തിയുണ്ടായില്ലെന്ന് ആർക്കും പറയാനാവില്ല. ഭേഷായിരിക്കുന്നു. അനീഷ് ഡി കുര്യൻ എന്നൊരു വിരുതനാണ് ഈ യോഗം സംഘടിപ്പിച്ചത്. ചക്കിക്കൊത്ത ചങ്കരൻ തന്നെ. ഏതായാലും അമേരിക്കയിലെ വിഡ്ഢികളെ കബളിപ്പിച്ചു ലക്ഷങ്ങൾ സമ്പാദിച്ചശേഷം മുല്ലക്കര ഗൾഫിലേക്കു കടന്നിട്ടുണ്ട്. ഗൾഫിലുള്ള ദൈവമക്കൾ സൂക്ഷിക്കുക. സെപ്റ്റംബർ 7,8 തീയതികളിൽ ഈ കള്ളൻ അബുദാബിയിലുണ്ടാകും. 9-12 തീയതികളിൽ ഷാർജയിലും അലൈനിലുമായിരിക്കും ഈ കള്ളനു കഞ്ഞി. 15-21 തീയതികളിൽ ഇയാൾ യെമനിലുള്ള കഴുതകളെ കൊള്ളയടിക്കും. അതു കഴിഞ്ഞ് നാട്ടിലേക്കു മടങ്ങും.

# രോഗസൗഖ്യം ലഭിച്ചവർ വിവരമറിയിക്കുക

മുല്ലക്കരയുടെ പ്രാർത്ഥനയാൽ രോഗസൗഖ്യം പ്രാപിച്ച ആരെങ്കിലും അമേരിക്കയിലുണ്ടെങ്കിൽ വിവരം അറിയിക്കുക. അത്ഭുത രോഗശാന്തി എന്നു തീർത്തു പറയാവുന്നവയേക്കുറിച്ചു മാത്രം പറഞ്ഞാൽ മതി. എന്താണു നടന്നതെന്നു ചുരുക്കി എഴുതുക. പേര്, വിലാസം, ഫോൺ നമ്പർ തുടങ്ങിയ എല്ലാ വിവരങ്ങളും എഴുതേണ്ടതാണ്. ഊമക്കത്തുകൾക്കു പരിഗണന ലഭിക്കുന്നതല്ല. കത്ത് പോസ്റ്റിലോ ഈമെയിലിലോ അയയ്ക്കാം. പ്രസിദ്ധീകരണയോഗ്യമായ എല്ലാ കത്തുകളും ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുന്നതാണ്. അത്ഭുതം നടന്നു എന്നു തെളിഞ്ഞാൽ ആ വിവരവും ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കും. ആകയാൽ എത്രയും വേഗം വിവരമറിയിക്കുക.



# കെ.സിക്ക് അമേരിക്കയിൽ പുനരുദ്ധാരണ യോഗം



കെ.സി.ജോണിന്റെ പുനരുദ്ധാരണ സമിതി സെപ്റ്റംബർ 4-6 തീയതികളിൽ കെ.സി.ജോണിനു വേദിയൊരുക്കുന്നു. ഐ.പി.സി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയന്റെ ഒമ്പതാമതു വാർഷിക കൺവൻഷനാണ് കെ.സി.ജോണിനെ പുനരുദ്ധരിക്കാനായി ഉപയോഗിക്കുന്നത്. ജോർജിയയിലെ അഗസ്റ്റായിലാണ് കൺവൻഷൻ നടക്കുക.

കെ.സി.ജോണെന്ന ദുർന്നടപ്പുകാരനെതിരെ ഡിഫെൻഡർ പ്രതികരിക്കാൻ തുടങ്ങിയിട്ടു വർഷങ്ങൾ പലതായി. എങ്കിലും ഇയാൾ ഐ.പി.സിയുടെ നേതൃസ്ഥാനത്തുള്ളതുകൊണ്ട് തുറന്നെതിർക്കുവാൻ മിക്കവർക്കും ധൈര്യം വന്നില്ല. ഡിഫെൻഡർ എഴുതിവിടുന്നതൊക്കെ കള്ളമാണെന്നു കരുതുന്നവരും ഉണ്ടായിരുന്നു. പക്ഷേ ഡിഫെൻഡർ ഇത്ര നിശിതമായി വിമർശിക്കയും ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്തിട്ടും കെ.സി.ജോൺ പ്രതികരിക്കാതിരിക്കുന്നതു കണ്ടപ്പോൾ പലർക്കും ശങ്കയായി. നിരപരാധിയാണെങ്കിൽ കെ.സി. ജോൺ എന്തുകൊണ്ട് ഡിഫെൻഡറിനെതിരെ നിയമനടപടി സ്വീകരിക്കുന്നില്ല എന്ന ചോദ്യത്തിന് ഉത്തരമില്ലാതായി. ദൈവദാസനായതുകൊണ്ട് കെ.സി.ജോൺ കേസ്സിനും മറ്റും പോകാത്തതാണെന്നു ചിലർ വാദിച്ചു നോക്കിയെങ്കിലും ഫലിച്ചില്ല. കേസ്സിനു പോകുകപോലും ചെയ്യാത്തത്ര വിശുദ്ധനൊന്നുമല്ല കെ.സി.ജോൺ എന്ന് ഏവർക്കും അറിവുള്ളതാണല്ലോ. അതോടെ മിക്കവരും ഡിഫെൻഡർ പറയുന്നതു വിശ്വസിക്കാൻ തുടങ്ങി.

ഡിഫെൻഡർ എന്നത് അത്ര പ്രചാരമൊന്നുമുള്ള പത്രമല്ലെന്നും ഡിഫെൻഡറിൽ എന്തു തന്നെ വന്നാലും അതു തന്നെ ബാധിക്കയില്ലെന്നും മറ്റുമായിരുന്നു കെ.സി.ജോൺ പറഞ്ഞു നടന്നത്. പക്ഷേ ഡിഫെൻഡറിന് വിദേശരാജ്യങ്ങളിൽ, വിശേഷിച്ചും അമേരിക്കയിൽ, വലിയ പ്രചാരമുണ്ടെന്നും ഡിഫെൻഡർ വായിക്കാത്ത പെന്തക്കോസ്തുകാർ അമേരിക്കയിൽ കുറവാണെന്നും കെ.സി.ജോൺ അറിഞ്ഞിരുന്നില്ല. പ്രശ്നത്തിന്റെ ഗൗരവം കെ.സി.ജോൺ അനുഭവിച്ചറിയുകതന്നെ ചെയ്തു. 2008ൽ നടന്ന പിണ്ണാക്കു കോൺഫ്രൻസിൽ കെ.സി.ജോണിന്റെ പ്രസംഗം ചീറ്റി. കെ.സിയുമായി സഹകരിക്കാനോ കുശലം പറയാൻ പോലുമോ ആളില്ലാത്ത സ്ഥിതിയുണ്ടായി. അതുകൊണ്ട് മടങ്ങി വന്നയുടൻ ഹാലേലൂയ്യായിൽ ഒരു അഭിമുഖം പ്രസിദ്ധീകരിച്ചു. വെളുക്കാൻ തേച്ചതു പാണ്ടായി എന്നു പറഞ്ഞതുപോലെയായി കാര്യങ്ങൾ. കെ.സി.ജോണിന്റെ കൂടുതൽ കഥകൾ ലോകമറിഞ്ഞു. ആകെ നാണക്കേടായി.

ഇത്തവണത്തെ കോൺഫ്രൻസിലും കെ.സി.ജോൺ ശോഭിച്ചില്ല. കാനം അച്ചനു കൈയ്യടി കിട്ടുകയും ചെയ്തു. കെ.സി. ജോണിന് ഇനി നിലനിൽപ്പില്ല എന്നു ശിങ്കിടികൾക്കു മനസ്സിലായി. അതുകൊണ്ട് കെ.സി.ജോണിനെ പുനരുദ്ധരിക്കാൻ അറ്റ്ലാന്റായിൽ ഒരു ഗൂഢാലോചന നടന്നു. അതിന്റെ ഭാഗമായാണ് ചില പെന്തക്കോസ്ത് പത്രങ്ങളിൽ കാനം അച്ചനെതിരെ ലേഖനം വന്നതും അഗസ്റ്റാ കൺവൻഷനിൽ കെ.സി.ജോണിനെ പ്രസംഗിപ്പിക്കുന്നതും. എങ്ങനെയെങ്കിലും കെ.സി.ജോണിനെ പുനരുദ്ധരിക്കയാണു ലക്ഷ്യം.

# ചുമ്മാഡോ സൂപ്രണ്ടാകും

ഏതാനും മാസംകൂടി കഴിയുമ്പോൾ ടി.ജെ.ശാമുവൽ സൂപ്രണ്ടിന്റെ കസേരയിൽ നിന്ന് ഇറങ്ങേണ്ടതായിവരും. ആരായിരിക്കും അടുത്ത സൂപ്രണ്ട്? കെ.ജെ മാത്യു? അതോ പി.എസ്.ഫിലിപ്പോ? ആരുമാകാം. എ.ഷാജിക്കുപോലും സൂപ്രണ്ടാകാം. പക്ഷേ ഇവരിൽ ആരെങ്കിലും സൂപ്രണ്ടായാൽ ടി.ജെ. വിചാരിക്കുന്നതുപോലെ കാര്യങ്ങൾ നടന്നില്ലെന്നു വരാം. എന്താണ് ഒരു പോംവഴി? വളരെ ആലോചിച്ച് ടി.ജെ ശാമുവൽ ഒരു പോംവഴി കണ്ടുപിടിച്ചു. ഏതെങ്കിലും ഒരു കൊജ്ഞാണനെ സൂപ്രണ്ടാക്കുക. അയാൾ രണ്ടു വർഷം ഭരിക്കട്ടെ. അതു കഴിഞ്ഞ് അയാളെ പുറത്താക്കി ടി.ജെ.ശാമുവലിനു വീണ്ടും സൂപ്രണ്ടാകാം. പദ്ധതി ഒന്നാംതരം തന്നെ. പക്ഷേ ഒരു പ്രശ്നം. സൂപ്രണ്ടാക്കാൻ പറ്റിയ കൊജ്ഞാണനെ എവിടുന്നു കിട്ടും? അല്പം ആലോചിച്ചപ്പോൾ അതിനുള്ള മറുപടിയും കിട്ടി. മഹാനായ റവ.ഡോ. ബാബു ജോർജ് അങ്ങനെ നീണ്ടു നിവർന്ന് നിൽക്കുകയല്ലേ. അങ്ങനെ ടി.ജെ.ശാമുവൽ ഒരു തീരുമാനമെടുത്തു. ബാബു ജോർജ് തന്നെ അടുത്ത സൂപ്രണ്ട്. അതിനായുള്ള അണിയറനീക്കങ്ങൾ ടി.ജെ ആരംഭിച്ചുകഴിഞ്ഞു.

# പത്താം ക്ലാസ്സും ഗുസ്തിയും ഇമ്മിണി സയൻസും



കഷ്ടിച്ചൊരു പത്താം ക്ലാസ്സാണ് റവ.ഡോ.ബാബു ജോർജ്ജിന്റെ വിദ്യാഭ്യാസം. പക്ഷേ താൻ അത്യുഗ്രൻ പണ്ഡിതനാണെന്നു വരുത്തിത്തീർക്കാൻ ബാബു ജോർജ് ശ്രമിക്കാറുണ്ട്. കക്ഷിക്ക് ഒരെത്തും പിടിയുമില്ലാത്ത വിഷയങ്ങളേക്കുറിച്ചു പ്രസംഗിച്ചാണ് പാണ്ഡിത്യ പ്രകടനം. ഇത്തരത്തിൽ ഒരു പ്രസംഗം ഈ മാന്യദേഹം ഈയിടെ മൂവാറ്റുപുഴയ്ക്കു സമീപമുള്ള ഒരു സഭയിൽ നടത്തി.

ഒരു മാസയോഗത്തിൽ പ്രസംഗിക്കാനാണ് ചുമ്മാ ഡോ എത്തിയത്. ആൾക്കൂട്ടം കണ്ടപ്പോൾ ഇമ്മിണി പാണ്ഡിത്യം വിളമ്പാമെന്ന് ഈ ശുംഭനു തോന്നി. അതിനായി തെരഞ്ഞെടുത്ത വിഷയം അല്പം കടന്നുപോയെന്നു മാത്രം. സഭ്യമായ മലയാളത്തിൽ പറയാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് വിഷയം ഒരുവക മംഗ്ലീഷിൽ പറയാം.

ഫെർട്ടിലൈസേഷൻ എങ്ങനെ നടക്കുന്നു എന്നാണു ബാബു ജോർജ് വിശദീകരിച്ചത്. ഒരു ഇന്റർകോഴ്സിൽ സെക്രീറ്റ് ചെയ്യപ്പെടുന്ന സെമനിൽ ലക്ഷക്കണക്കിനു സ്പേം ഉണ്ടായിരിക്കും. വാലുമാക്രിയേപ്പോലെ സഞ്ചരിക്കുന്ന ഈ സ്പേമുകളിൽ ഒരെണ്ണം മാത്രമാണ് എഗ്ഗുമായി ചേർന്ന് ഫെർട്ടിലൈസ് ചെയ്യപ്പെട്ടു സൈഗോട്ടാകുന്നത്. ബാക്കിയുള്ള സ്പേമുകളെല്ലാം നശിച്ചുപോകുന്നു. ആത്മീയമായി പറഞ്ഞാൽ ദൈവം അവയെയെല്ലാം കൊല്ലുന്നു. (ഇനിയാണ് ആത്മീയം കരകവിഞ്ഞൊഴുകുന്നത്.) 'പ്രിയ ദൈവ പൈതലേ, ദൈവം നിന്നെ സ്നേഹിച്ചതുകൊണ്ടാണ് ആയിരക്കണക്കിനു സ്പേമുകളെ കൊന്നുകൊണ്ട് നിനക്കു ജീവൻ തന്നത്. അതുകൊണ്ടാണ് നീ ഇന്നിവിടെ ഇരിക്കുന്നത്. ഗ്ലോറീ.... '. മാസയോഗത്തിനു നടത്തിയ പ്രസംഗമാണിതെന്നോർക്കണം. ഇവന്റെ കണ്ഠകൗപീനത്തിൽ പിടിച്ച് ഒന്നു വട്ടം കറക്കാനെങ്കിലും ധൈര്യമുള്ളവർ ആ മാസയോഗസ്ഥലത്ത് ഇല്ലാതെപോയല്ലോ.

# ഷാജി സുകുമാരൻ എങ്ങനെ ഡോയായി?



കുപ്രസിദ്ധ തട്ടിപ്പുകാരനും വ്യഭിചാരിയുമായ ഷാജി സുകുമാരൻ അടുത്ത കാലം വരെ റവ.ഡോ.ഷാജി സുകുമാരൻ എന്നാണ് സ്വയം പരിചയപ്പെടുത്തിയിരുന്നത്. കൂട്ടക്ഷര വൈരിയായ ഇയാൾ എങ്ങനെ ഡോയായി എന്നറിയാൻ ഡിഫെൻഡർ ഒരന്വേഷണം നടത്തി. അങ്ങനെ ആ ഭീകര രഹസ്യം കണ്ടുപിടിച്ചു. ലോകത്തുള്ള സകല കള്ളൻമാരേയും ഡോയാക്കുന്ന ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചർച്ച് മാനേജ്മെന്റ് ആണ് ഷാജി സുകുമാരനെ ഡോയാക്കിയത്. (കെ.സി.ജോണിനെ ചുമ്മാഡോ ആക്കിയതും ഈ സ്ഥാപനം തന്നെ). ഇവരുടെ ലിസ്റ്റിൽ ഇപ്പോൾ 589 ഡോകളുണ്ട്. ഷാജി സുകുമാരൻ 582-ാമത്തെ പുള്ളിയാണ്. ഇയാളുടെ ശിങ്കിടിയായ ഫിന്നി രാജു ഹൂസ്റ്റൺ ആണ് 581-ാമൻ. എത്രപേർക്ക് ഡോ കൊടുത്തു എന്നതിനു രേഖയില്ലാത്തതുകൊണ്ട് ഈ ലിസ്റ്റ് പൂർണ്ണമല്ലെന്ന് ഇവർ തന്നെ സമ്മതിക്കുന്നു. അതുകൊണ്ട് കെ.സി.ജോണിന്റെ പേരു ലിസ്റ്റിലില്ല. കൂടുതൽ വിവരങ്ങൾക്ക്: www.iicmweb.org/hondd.htm

# അമ്മയും മകളും പിന്നെ സീരിയൽ ജോണും

സ്വന്തം അമ്മായിയമ്മയെ വ്യഭിചരിച്ചവന് ഒരു തള്ളയേയും മകളേയും ഒന്നുപോലെ വ്യഭിചരിക്കാൻ ശങ്കയുണ്ടാകുമോ? ഇല്ലെന്ന് ഏവരും സമ്മതിക്കും. വിവാഹിതയും പ്രായപൂർത്തിയായ ഒരു പെണ്ണിന്റെ അമ്മയുമായ ഒരു സ്ത്രീയുമായി വ്യഭിചരിക്കുകയും പിന്നീട് ആ സ്ത്രീയുടെ മകളെ വിവാഹം കഴിക്കുകയും ചെയ്ത പരമ വിശുദ്ധനാണു കെ.സി.ജോൺ. ചരിത്രം ഇതാ ആവർത്തിക്കുന്നു. കെ.സി. ജോണിന്റെ ചവറിലെ സീരിയലിൽ അഭിനയിക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്ന ഒരു അമ്മയും മകളുമാണ് കെ.സി.ജോണിന്റെ ഏറ്റവും പുതിയ വെപ്പാട്ടികൾ. കോഴിക്കച്ചവടക്കാരന്റെ മകളെ കൈവിട്ടു എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. ഈ പെണ്ണും സീരിയലിൽ അഭിനയിക്കുന്നുണ്ട്. കെ.സി.ജോണിനോടൊപ്പമുള്ള അഭിനയവും മുറപോലെ നടക്കുന്നു. പക്ഷേ തള്ളയും മകളുമാണ് ഇപ്പോഴുള്ള പ്രധാന സ്റ്റെപ്പിനികൾ. ഇവർ നെടുമ്പ്രത്ത് സഭായോഗത്തിനും എത്തുന്നുണ്ട്. ഇവരുണ്ടെങ്കിൽ കെ.സിയുടെ പ്രസംഗം ഉഷാറാകും. കുറുക്കൻ ചത്തു കിടന്നാലും കോഴിക്കൂട്ടിലാണു കണ്ണ് എന്നു പറഞ്ഞതുപോലെ പ്രസംഗത്തിനിടയിലും നോട്ടം ഇവർ ഇരിക്കുന്ന ഭാഗത്തേക്കാണെന്നുമാത്രം.


**ATTENTION**

If you have a book to be translated from English to Malayalam

**Just Contact: 9846675683**

**SATISFACTION GUARANTEED**



## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- **നിങ്ങളുടെ പേരിൽ ഡൊമെയ്ൻ രജിസ്റ്റർ ചെയ്യുന്നു.**
- **വെബ്സൈറ്റിന് ആവശ്യമായ സ്പേസ് വാങ്ങുന്നു.**
- **ഹോംപേജ് (ആദ്യ പേജ്) ഉണ്ടാക്കുന്നു.**

**ആകെ ചെലവ് - 2000 രൂപ മാത്രം**

**ഓരോ അധിക പേജിനും 500 രൂപ.**

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 96564 32921**

# കാനം അച്ചൻ മഹാപാപിയാണെന്നോ?

പ്രോജക്ടുകളുടെ മറവിൽ തട്ടിപ്പു നടത്തുന്നവർക്കെതിരെ പിണ്ണാക്കു കോൺഫ്രൻസിൽ കാനം അച്ചൻ പ്രതികരിച്ചതിനെതിരെ മരുപ്പച്ച രംഗത്തു വന്ന വാർത്ത കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. ആഗസ്റ്റ് 20ന് ഇറങ്ങിയ മരുപ്പച്ചയിലും ഈ വിഷയത്തോടുള്ള ബന്ധത്തിൽ ചില കാര്യങ്ങൾ പറയുന്നുണ്ട്. അവയ്ക്കുള്ള മറുപടി ആദ്യം പറയാം:

''കേവലം സൊസൈറ്റികളോ?''എന്നതാണ് മുഖപ്രസംഗത്തിന്റെ തലക്കെട്ട്. ''പ്രാദേശിക സഭ, ആകമാനസഭ എന്നൊക്കെ പറഞ്ഞു പേടിപ്പിച്ചു ജനങ്ങളെ സംഘടനകളിൽ നിന്നു പിൻതിരിപ്പിക്കുന്നവർ സഭാ ചരിത്രത്തെ വികലമായി വ്യാഖ്യാനിക്കുകയാണു ചെയ്യുന്നത്'' എന്ന വാചകം ഹൈലൈറ്റ് ചെയ്തിട്ടുമുണ്ട്. അച്ചൻകുഞ്ഞ് എന്താണു പറയുന്നതെന്ന് വ്യക്തമാണല്ലോ.

പ്രാദേശികസഭ, ആകമാന സഭ എന്നൊക്കെ കേൾക്കുമ്പോൾ ആരെങ്കിലും പേടിക്കുന്നെങ്കിൽ അവർ ദുരാത്മാവു ബാധിച്ചവരാണന്നു തീർച്ച. കാരണം, വിശ്വാസി, പ്രാദേശികസഭ, ആകമാനസഭ എന്നിവ മാത്രമേ ദൈവിക പദ്ധതിയിലുള്ളൂ എന്നതുതന്നെ. മനുഷ്യനിർമ്മിതമായ സംഘടനകളെ സഭകളായി അവതരിപ്പിക്കുന്നതു പിശാചാണ്. ഈ സിദ്ധാന്തം തകരുന്നതു കാണുമ്പോൾ പിശാചും പിശാചുബാധിച്ചവരും ഭയപ്പെടും.

സഭാചരിത്രം എന്നതുകൊണ്ട് അച്ചൻകുഞ്ഞ് എന്താണർത്ഥമാക്കുന്നതെന്നു വ്യക്തമല്ല. ഒന്നാം നൂറ്റാണ്ടിൽ സംഘടനയെന്നല്ല സഭാസംഘടനയെന്ന ആശയം പോലും ഉണ്ടായിരുന്നില്ല. രണ്ടും മൂന്നും നൂറ്റാണ്ടുകളിലും ഇതൊക്കെത്തന്നെയായിരുന്നു സ്ഥിതി. പക്ഷേ നാലാം നൂറ്റാണ്ടിൽ സഭ ജാതികളുമായി ഇണയല്ലാപ്പിണ കൂടിയതോടെ ഈ സ്ഥിതിക്കു മാറ്റം വന്നു. നാലാം നൂറ്റാണ്ടു മുതലുള്ള സഭാചരിത്രം ആധാരമാക്കിയാണ് അച്ചൻകുഞ്ഞു വാദിക്കുന്നതെങ്കിൽ സംഗതി ശരിയാണ്. ഈ തോന്ന്യാസങ്ങൾ മൂലമുണ്ടായ ദോഷങ്ങളും ചരിത്രം പഠിച്ചാൽ മനസ്സിലാക്കാം. ഇതിൽനിന്ന് ഒരളവോളമെങ്കിലും മോചനം പ്രാപിച്ചവരാണു വേർപെട്ട ദൈവമക്കൾ. അവരെ വീണ്ടും ചെകുത്താന്റെ അധീനതയിലാക്കാനാണ് അച്ചൻകുഞ്ഞു ശ്രമിക്കുന്നത്.

സംഘടനയുണ്ടാക്കുന്നവരെല്ലാം നരകത്തിൽ പോകും എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. ദൈവസഭയ്ക്കോ ആത്മീയ കാര്യങ്ങൾക്കോ സംഘടന ആവശ്യമില്ല. സംഘടനയുടെ നേതാക്കൻമാർക്ക് ആത്മീയ അധികാരങ്ങളുമില്ല. പക്ഷേ ഭൗതീകമായ ആവശ്യങ്ങൾക്കും രാജ്യത്തെ നിയമം അനുസരിച്ചും സംഘടന ആവശ്യമായി വന്നേക്കാം. പക്ഷേ ഈ സംഘടനകൾ ആത്മീയരംഗത്തേക്കു കടക്കരുത്. പ്രാദേശിക സഭകളുടെ ഒരു അസ്സോസിയേഷൻ ഉണ്ടാക്കുന്നതു തെറ്റല്ല. പക്ഷേ ഈ അസ്സോസിയേഷന്റെ പ്രവർത്തനം ഭൗതിക രംഗത്തും സർക്കാരുമായുള്ള ഇടപാടുകളിലും ഒതുങ്ങി നിൽക്കണം. പ്രാദേശികസഭകൾ ബൈബിളിലെ ചട്ടങ്ങൾ അനുസരിച്ചു മാത്രം പ്രവർത്തിക്കണം.

ജീവകാരുണ്യപ്രവർത്തനങ്ങൾക്കും സംഘടനകൾ ആവശ്യമായി വരാം. അതുകൊണ്ട് ഇത്തരം സംഘടനകളുണ്ടാക്കുകയും നിയമാനുസൃതം പ്രവർത്തിക്കുകയും ചെയ്യുന്നതു തെറ്റല്ല. പക്ഷേ വെറും കടലാസ്സ് സംഘടനകളും പ്രൊജക്ടുകളും ഉണ്ടാക്കി ജനവഞ്ചന നടത്തുന്നത് എതിർക്കപ്പെടേണ്ടതാണ്. ഇത്തരം പരിപാടികളുമായി അമേരിക്കൻ പര്യടനം നടത്തുന്നതിനെയാണ് കാനം അച്ചൻ വിമർശിച്ചത്. അച്ചന്റെ നിലപാടു ശരിയാണ്.



മരുപ്പച്ചയുടെ ആഗസ്റ്റ് 5 ലക്കത്തിൽ അച്ചനെതിരെ വന്ന ലേഖനത്തിന്റെ മറപിടിച്ച് ഹാലേലൂയ്യായും ആഗസ്റ്റ് 15 ലക്കത്തിൽ അച്ചനെ പേരുപറഞ്ഞു വിമർശിക്കുന്നുണ്ട്. ഹാലേലൂയ്യായും അച്ചനെ സഞ്ചാരസുവിശേഷകൻ എന്നു വിളിച്ചിരിക്കുന്നു. എന്താണ് ഇവരൊക്കെ ഈ പ്രയോഗംകൊണ്ട് അർത്ഥമാക്കുന്നതെന്നു വ്യക്തമല്ല.

കെ.സി.ജോണിനെ കാനം അച്ചൻ നിന്ദിച്ചു പ്രസംഗിച്ചു എന്നു ഹാലേലൂയ്യാ ആരോപിക്കുന്നു. അച്ചൻ ഇങ്ങനെ ചെയ്തോ എന്നു വായനക്കാർ തന്നെ വിധിക്കുക. അച്ചൻ നടത്തിയ പ്രസംഗം താഴെ കാണുന്ന ലിങ്കിൽ ലഭ്യമാണ്. അതു കേൾക്കൂ:
www.tsbalan.org/youtube.html

കാനം അച്ചൻ കൂടുതൽ സമയം എടുത്തു എന്നതാണ് മറ്റൊരു ആരോപണം. എത്ര സമയമാണ് അനുവദിച്ചിരുന്നതെന്നു സംഘാടകർക്കേ അറിയൂ. അതുകൊണ്ട് ഈ ആരോപണത്തിനുള്ള മറുപടി അവർ പറയട്ടെ.

കാനം അച്ചനു കുറേക്കാലമായി കേരളത്തിൽ വേദികൾ ഇല്ലാതായിരിക്കയായിരുന്നു എന്നു ഹാലേലൂയ്യാ പറയുന്നു. ഇതു ശുദ്ധഭോഷ്ക്കാണെന്നു പറയാതെവയ്യ. നാലു പതിറ്റാണ്ടോളം മുമ്പു പ്രസംഗം ആരംഭിച്ച കാലം മുതൽ ഇന്നുവരെ ഏറെക്കുറെ ഒരുപോലെ അച്ചനു വേദി കിട്ടുന്നുണ്ടെന്നു പെന്തക്കോസ്ത് പത്രങ്ങളിൽ വരുന്ന വാർത്തകൾ വായിച്ചാൽ മനസ്സിലാകും. പക്ഷേ അതല്ല കെ.സി.ജോണിന്റെ സ്ഥിതി. ഐ.പി.സിയുടെ പ്രസിഡന്റ് എന്ന നിലയിൽ സ്വാഭാവികമായും കുറെ വേദികൾ കിട്ടുന്നതൊഴിച്ചാൽ കെ.സി.ജോണിനു വേദികൾ വളരെ കുറവാണ്. പ്രസംഗങ്ങൾ ചീറ്റിപ്പോകുകയും ചെയ്യുന്നു. കഴിഞ്ഞവർഷത്തെ പിണ്ണാക്കിലും ഈ വർഷത്തെ പിണ്ണാക്കിലും കെ.സി.ജോണിന്റെ പ്രസംഗം ഏഴു നിലയിൽ പൊട്ടുകയായിരുന്നു. മാത്രമല്ല, അമേരിക്കയിൽ കെ.സി.ജോണിനെ വിളിക്കാൻ സഭകൾ തയ്യാറാകുന്നുമില്ല. കെ.സി.ജോണിന് ഉണ്ടായിരിക്കുന്ന ഈ ഗ്ലാനിയാണ് ഐ.പി.സി സ്പിരിറ്റ് ബാധിച്ചവരുടെ രോഷത്തിനു കാരണം.

പിണ്ണാക്കിൽ പ്രസംഗിക്കാൻ അവസരം കിട്ടിയത് കാനം അച്ചനു പുതുജീവനായെന്നു ഹാലേലൂയ്യാ പറയുന്നു. പിണ്ണാക്കിലെ പ്രസംഗത്തിലൂടെ ജീവൻ വച്ചതും ഉഷാറായതും ശ്രോതാക്കളാണെന്ന് പ്രസംഗത്തിന്റെ വീഡിയോ കണ്ടാൽ മനസ്സിലാകും. അപ്പോളജറ്റിക് കൗൺസിൽ ഗൂഢസംഘടനയാണെന്ന് ഹാലേലൂയ്യാ പറയുന്നത് ഏതർത്ഥത്തിലാണാവോ. കെ.സി. ജോൺ തങ്കുവിനേപ്പോലുള്ളവർക്ക് അനുകൂലമായ നിലപാടു സ്വീകരിച്ചപ്പോൾ റ്റി.എസ്.ഏബ്രഹാം ഉൾപ്പെടെയുള്ളവർ ഇതിനെതിരെ നിലപാടെടുത്തു. കാനം അച്ചനും പെന്തക്കോസ്ത് ഉപദേശത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന നിരവധി ദൈവദാസൻമാരും ഈ ഗ്രൂപ്പിലുണ്ടായിരുന്നു. അവർ ഒരു ഗൂഢപ്രവർത്തനവും നടത്തിയതായി അറിവില്ല. കെ.സി.ജോണിന്റെ പദ്ധതി പൊളിഞ്ഞതോടെ പ്രതിരോധത്തിന്റെ ആവശ്യവും ഇല്ലാതായി. കെ.സി. ജോണിന്റെ പോക്ക് ശരിയായ ദിശയിലല്ല എന്നതുകൊണ്ടാണല്ലോ ടി.എസ്.ഏബ്രഹാം ഉൾപ്പെടെയുള്ള ഐ.പി.സി നേതാക്കൻമാർ രംഗത്തു വന്നത്. കാനം അച്ചനും ഈ നീക്കത്തിന്റെ ഭാഗമായിരുന്നു. അതുകൊണ്ട് കെ.സി. ജോണിനേപ്പോലുള്ളവരുടെ ആശയങ്ങൾക്കും വഴിവിട്ട പോക്കിനും എതിരെ കാനം അച്ചൻ പ്രസംഗിക്കുന്നതു സ്വാഭാവികം.

അപ്പോളജറ്റിക് കൗൺസിൽ തുടങ്ങിയിടത്തു തന്നെ അവസാനിച്ചു എന്നു ഹാലേലൂയ്യാ പരിഹസിക്കുന്നു. തങ്കുവിനോപ്പോലുള്ളവരെ പരസ്യമായി അനുകൂലിക്കുന്ന പരിപാടി കെ.സി.ജോൺ നിർത്തിയതുകൊണ്ട് അപ്പോളജറ്റിക് കൗൺസിലിനു പണിയില്ലാതായി എന്നതാണു വസ്തുത. കെ.സി. ജോൺ എന്നെങ്കിലും തങ്കുവിനേപ്പോലുള്ളവരെ അനുകൂലിച്ചു രംഗത്തുവന്നാൽ എതിർക്കാൻ അപ്പോളജറ്റിക് കൗൺസിൽ ഉണ്ടാകുമെന്നു കരുതാം.

പരിപാടികൾ തുടങ്ങുകയും തുടങ്ങിയിടത്തുതന്നെ അവസാനിപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ കെ.സി.ജേണിനെ വെല്ലാൻ ആരുമില്ല. പത്തു വർഷത്തോളം മുൻപ് സകല പെന്തക്കോസ്തു നേതാക്കൻമാരേയും കൂട്ടി റ്റി.എസ്.ബാലൻ എന്ന ഈയുള്ളവനെതിരെ കെ.സി.ജോൺ ഒരു സംഘടനയുണ്ടാക്കി. അതിന്റെ ഉദ്ഘാടനവും പിരിച്ചുവിടലും ഒന്നിച്ചു കഴിഞ്ഞു. പിന്നീട് പവ്വർ വേഡ് മിനിസ്ട്രി എന്നൊരു പരിപാടി തുടങ്ങി. രണ്ടോ മൂന്നോ മീറ്റിംഗു നടത്തിയിട്ട് അതും നിർത്തി. അതു കഴിഞ്ഞ് റാലിയുമായി ഊരുചുറ്റി. റാലിക്കു തീയതി വരെ നിശ്ചയിച്ചു. എന്നിട്ടോ? രണ്ടുവട്ടം തീയതി നിശ്ചയിച്ചതല്ലാതെ ഒന്നും നടന്നല്ല. പക്ഷേ അതല്ല അപ്പോളജറ്റിക് കൗൺസിലിന്റെ കഥ. കെ.സി.ജോണിന്റെ തോന്ന്യാസത്തിനു തടയിടാനാണ് അപ്പോളജറ്റിക് കൗൺസിലിൽ ആരംഭിച്ചത്. ആ ശ്രമം വിജയിക്കുകയും ചെയ്തു.

കാനം അച്ചൻ സ്വന്തം പണം സുവിശേഷവേലയ്ക്കായി ഉപയോഗിച്ചില്ലെങ്കിൽ അതൊരു പാപമല്ല. പ്രതിഫലം കുറയും എന്ന പ്രശ്നമേയുള്ളൂ. മറ്റുള്ളവർ പണം മുടക്കി ബുദ്ധിമുട്ടി നടത്തുന്ന കൺവൻഷനുകളിൽ അച്ചൻ പങ്കെടുത്തിട്ടുണ്ടെങ്കിൽ അതു സംഘാടകർ ക്ഷണിച്ചിട്ടാണ്. വെറുതെ വലിഞ്ഞു കയറി ചെന്നതല്ല. സംഘാടകർ കൊടുക്കുന്ന ഭക്ഷണം കഴിക്കുകയും നൽകുന്ന പണം സ്വീകരിക്കയും ചെയ്തിട്ടുണ്ട്. അതിൽ എന്താണു തെറ്റെന്നു മനസ്സിലാകുന്നില്ല.

മറ്റുള്ളവർ കടം വാങ്ങി നടത്തുന്ന പത്രമാസികകളിൽ അച്ചൻ വിമർശന ലേഖനങ്ങൾ എഴുതി എന്നതാണ് മറ്റൊരു ആരോപണം. ലേഖനം ആവശ്യപ്പെട്ടു സമീപിക്കുന്നവർക്ക് അച്ചൻ ലേഖനം പറഞ്ഞുകൊടുക്കുകയും പത്രലേഖകർ എഴുതിയെടുക്കുകയുമാണ് സാധാരണ പതിവ്. ആവശ്യപ്പെടാതെ ആർക്കും അച്ചൻ ലേഖനം എഴുതി അയച്ചുകൊടുത്തതായി അറിവില്ല. എങ്കിലും അച്ചൻ ലേഖനം അയച്ചുകൊടുത്തു എന്നിരിക്കട്ടെ. അതു പ്രസിദ്ധീകരിക്കാതിരിക്കാനുള്ള സ്വാതന്ത്ര്യം പത്രാധിപർക്കുണ്ടല്ലോ. ഹാലേലൂയ്യാ എന്തിന് ഇത്ര ഹീനമായ ആരോപണങ്ങൾ ഉന്നയിക്കുന്നു എന്നു മനസ്സിലാകുന്നില്ല. കെ.സി.ജോണിനെ പുനരുദ്ധരിക്കുകയാണു ലക്ഷ്യമെങ്കിൽ അതു നടക്കാത്ത സംഗതിയാണ്. കഴിഞ്ഞവർഷം പ്രസിദ്ധീകരിച്ച അഭിമുഖം മൂലം കെ.സി. ജോണിനുണ്ടായ നാണക്കേട് ഇന്നും തീർന്നിട്ടില്ല. ഇപ്പോഴിതാ ശങ്കരൻ വീണ്ടും തെങ്ങിൽ.



## ‘മരിച്ചവർ എവിടെ’ വില്പന തുടരുന്നു

''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.
വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:
ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.
പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC,**
**Perumbavoor P.O., Ernakulam Dist. Pin. 683542.**
**Phone: 0484-3232356. Mob: 96564 32921**

RNI No. 68089 / 97
2009 September 1

# THE DEFENDER

REGISTERED
KL/ALY/0031/2009-11

# സാം ജോർജ് പ്രശ്നം: ചില വസ്തുതകൾ

ഐ.പി.സിയുടെ കർണ്ണാടക സ്റ്റേറ്റ് പ്രസിഡന്റായി സാം ജോർജ് ചുമതലയേറ്റതുമായി ബന്ധപ്പെട്ട ചില വിഷയങ്ങളേക്കുറിച്ച് കഴിഞ്ഞലക്കം ഡിഫെൻഡറിൽ എഴുതിയിരുന്നല്ലോ. ഐ.പി.സിയുടെ ഉള്ളറയിൽ നടക്കുന്ന ഇത്തരം വേലത്തരങ്ങളേക്കുറിച്ച് ഇനിയും എഴുതണമെന്നു നിരവധി ആളുകൾ ആവശ്യപ്പെടുകയുണ്ടായി. അങ്ങനെ ചെയ്യാൻ തന്നെയാണ് ഡിഫെൻഡർ ഉദ്ദേശിക്കുന്നതും.

സാം ജോർജ് നല്ലവനാണെന്നും അതുകൊണ്ട് ഡിഫെൻഡർ സാം ജോർജിനേക്കുറിച്ച് എഴുതരുതെന്നും ചിലർ ആവശ്യപ്പെടുകയുണ്ടായി. ഈ വിഷത്തോടുള്ള ബന്ധത്തിൽ ഡിഫെൻഡറിനു പറയാനുള്ളതെന്തെന്നു വ്യക്തമാക്കാം.

1. കെ.സി.ജോണിനേപ്പോലുള്ള വ്യഭിചാരിയാണു സാം ജോർജ് എന്നു ഡിഫെൻഡർ പറഞ്ഞിട്ടില്ല. ഇത്തരത്തിലുള്ള ആരോപണം പോലും സാം ജോർജിനെതിരെ ഉള്ളതായും അറിവില്ല.

2. സാം ജോർജ് എന്തെങ്കിലും ദുരുപദേശം പറഞ്ഞതായും ഡിഫെൻഡറിനറിഞ്ഞുകൂടാ.

3. സാം ജോർജ് ഐ.പി.സി കർണ്ണാടക സ്റ്റേറ്റ് പ്രസിഡന്റായതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് കഴിഞ്ഞലക്കം ഡിഫെൻഡറിൽ എഴുതിയത്. അതു പൂർണ്ണമായും സത്യമാണ്.

4. സാം ജോർജിന് ഒരു വടക്കേ ഇന്ത്യൻ സംസ്ഥാനത്തിന്റെ ചുമതല നൽകാൻ തീരുമാനമായിരുന്നു. ആ സംസ്ഥാനത്ത് നാമമാത്രമായ പ്രവർത്തനം മാത്രമേ ഐ.പി.സിക്കുള്ളൂ. അതുകൊണ്ട് ആ സംസ്ഥാനത്തിന്റെ പ്രസിഡന്റ് പദം എന്നത് അത്ര ആകർഷകമായ പദവിയൊന്നുമല്ല. അങ്ങനെയിരിക്കുന്ന സമയത്താണ് കർണ്ണാടകയിൽ പ്രസിഡന്റിന്റെ ഒഴിവുണ്ടായത്. മദ്യപനായ ഒരു ഗൾഫുകാരൻ ഉൾപ്പെടെ പലരും ഈ കസേരയിൽ കണ്ണുവച്ചു. പക്ഷേ സാം ജോർജിനാണ് സ്വീകാര്യത ലഭിച്ചത്. അങ്ങനെ സാം ജോർജ് പ്രസിഡന്റായി.

5. കർണ്ണാടകയുടെ പ്രസിഡന്റാകാൻ ഉടുപ്പുമിട്ടിറങ്ങിയവരിൽ എന്തുകൊണ്ടും യോഗ്യൻ സാം ജോർജായിരുന്നു എന്നതു ശരിതന്നെ. മറ്റേതെങ്കിലും ഭൈമീകാമുകനെയാണ് കർണ്ണാടകമങ്ക വരിച്ചിരുന്നതെങ്കിൽ അതു കൂടുതൽ ദോഷത്തിനു വഴിവയ്ക്കുമായിരുന്നു.

6. സൈമണി എന്ന തോന്ന്യാസം പെന്തക്കോസ്തിൽ എത്തിക്കഴിഞ്ഞു. ഈ തിൻമയുടെ അതിപ്രസരമുള്ളത് ഐ.പി.സിയിലാണ്. പണമുള്ളവന് എന്തു പദവിയും കിട്ടും. ഐ.പി.സിയുടെ അംഗീകാരമുള്ള ബൈബിൾ കോളേജിൽ മൂന്നു വർഷമെങ്കിലും പഠിച്ചശേഷം പി.ജി.കോഴ്സും പൂർത്തിയാക്കിയാൽ മാത്രമേ സാധാരണക്കാരന് ഐ.പി.സിയിൽ സുവിശേഷകനെങ്കിലും ആകാൻ പറ്റൂ. പക്ഷേ പണമുള്ളവന് ഇതൊന്നും ബാധകമല്ല. ബൈബിൾ സ്ക്കൂളിന്റെ പടിപോലും കണ്ടിട്ടില്ലെങ്കിലും പാസ്റ്ററാകാം. ഓർഡിനേഷനും റെഡി. അവിടംകൊണ്ടും തീരുന്നില്ല. പണമുള്ളവനു സെന്റർ പാസ്റ്ററാകാൻ ബുദ്ധിമുട്ടില്ല. ഏരിയ പതിച്ചുകിട്ടണമെങ്കിലും പണം വേണം. ആത്മീയത ഒരിക്കലും പരിഗണിക്കപ്പെടുന്നില്ല. എത്ര വലിയ ആത്മീയനായാലും പണമില്ലെങ്കിൽ ഏരിയയുമില്ല. ഇനിയുള്ളത് സ്റ്റേറ്റും റീജിയനും മറ്റുമാണ്. അവിടെയും പണം മാത്രമാണ് പരിഗണിക്കപ്പെടുന്നത്. ഈ തിൻമയ്ക്കെതിരെ പ്രതികരിക്കാതിരിക്കാൻ പറ്റില്ല.



7. സാം ജോർജിനെ ഒരു വടക്കേ ഇന്ത്യൻ സംസ്ഥാനത്തിന്റെ അധിപനാക്കാൻ തീരുമാനിച്ചത് എന്തു കാരണത്താലായിരുന്നു? അമേരിക്കൻ വിശ്വാസികളിൽ ഏറ്റവും വലിയ ആത്മീയൻ എന്ന പരിഗണനയിലാണോ? ആണെന്നു സാം ജോർജ് പോലും പറയുമെന്നു തോന്നുന്നില്ല. ഇദ്ദേഹത്തെ കർണ്ണാടകയുടെ പ്രസിഡന്റാക്കിയതും പണത്തിന്റെ ബലത്തിൽ തന്നെ. ഇന്നത്തെ സാം ജോർജിൽ നിന്നു പണം എടുത്തു മാറ്റിയാൽ പരമാവധി ഒരു പാസ്റ്റർ ആകാനേ കഴിയൂ.

8. കർണ്ണാടക സ്റ്റേറ്റ് ഐ.പി.സിയുടെ അഡ്ഹോക് കമ്മറ്റി നിർബ്ബന്ധിച്ചതുകൊണ്ടാണ് സാം ജോർജ് പ്രസിഡന്റ് സ്ഥാനം ഏറ്റെടുത്തത് എന്നൊരു വാദവും നിലവിലുണ്ട്. സംഗതി ശരിയായിരിക്കാം. പക്ഷേ അവർ എന്തുകൊണ്ടു നിർബ്ബന്ധിച്ചു? സാം ജോർജിന്റെ ആത്മീയത പരിഗണിച്ചാണോ? അങ്ങനെ എടുത്തു പറയത്തക്ക ആത്മീയതയൊന്നും സാം ജോർജിന് ഉള്ളതായി അറിവില്ല. ശരാശരി ആത്മീയ നിലവാരം മാത്രമേ സാം ജോർജിനുള്ളൂ. പക്ഷേ സുവിശേഷ പ്രവർത്തനത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും സാം ജോർജ് പണം കൊടുത്തു സഹായിക്കാറുണ്ട്. കർണ്ണാടക സംസ്ഥാനത്തിന്റെ പ്രസിഡന്റായി സാം ജോർജിനെ ലഭിച്ചാൽ അതു സാമ്പത്തികമായി ഗുണം ചെയ്യും എന്നു കർണ്ണാടകയിലുള്ളവർക്കു മനസ്സിലായി. അതുകൊണ്ടാണ് അവർ സാം ജോർജിനെ ക്ഷണിച്ചതെന്നു വ്യക്തം.

9. കാളക്കച്ചവടംപോലുള്ള ഒരു ഇടപാടാണിതെങ്കിൽ തനിക്കു താല്പര്യമില്ല എന്നു സാം ജോർജ് പറഞ്ഞത്രേ. അതും ശരിയായിരിക്കാം. അങ്ങനെ പറഞ്ഞിട്ടും സാം ജോർജിനെ മതിയെന്ന് കർണ്ണാടകക്കാർ എന്തുകൊണ്ടു തീരുമാനിച്ചു? ആത്മീയ പരിഗണനയിലല്ലെന്നു പറഞ്ഞു കഴിഞ്ഞല്ലോ. കർണ്ണാടകയിലെ പ്രവർത്തനങ്ങൾക്കു പണം ആവശ്യമാണ്. കാളക്കച്ചവടമെന്ന നിലയ്ക്കല്ലെങ്കിൽപ്പോലും സാം ജോർജ് തീർച്ചയായും പണം നൽകും എന്ന് അവർക്കറിയാം. ആ പ്രതീക്ഷ തെറ്റിയതുമില്ല.

10. നിയമാനുസൃതം തെരഞ്ഞെടുപ്പു നടത്തിയാണ് സാം ജോർജിനെ പ്രസിഡന്റാക്കിയത് എന്നതാണു മറ്റൊരു വാദം. അമേരിക്കയിൽ സ്ഥിരതാമസമാക്കിയ സാം ജോർജിനെ കർണ്ണാടക ഐ.പി.സിയുടെ പ്രസിഡന്റായി നിയമാനുസൃതം തെരഞ്ഞെടുത്ത കഥ കോത്താഴത്തുള്ളവരോടു പറഞ്ഞാൽ മതി.

11. ഡിഫെൻഡർ ഇങ്ങനെയൊക്കെ എഴുതിയാൽ സാം ജോർജ് പ്രസിഡന്റ് സ്ഥാനം രാജിവച്ച് പോയേക്കുമെന്നും അതു കർണ്ണാടക ഐ.പി.സിയുടെ ഭാവിക്കു ദോഷം ചെയ്യുമെന്നും ചിലർ പറയുകയുണ്ടായി. സംഗതി ശരിയായിരിക്കാം. പക്ഷേ ഐ.പി.സി എന്ന ചാരിറ്റബിൾ സൊസൈറ്റി വളരുകയോ തളരുകയോ ചെയ്യുന്നതിൽ ഡിഫെൻഡറിന് പ്രത്യേക താല്പര്യമൊന്നുമില്ല. ദൈവസഭയുടെ വളർച്ചയിലാണു ഡിഫെൻഡറിനു താല്പര്യം. സാം ജോർജ് വിട്ടുപോകുമ്പോൾ തളരുന്ന വേല മറ്റെന്തായാലും ദൈവവേലയല്ലെന്നു തീർച്ച. ദൈവവേല ഏതെങ്കിലും പണക്കാരന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചു വളരുകയോ തളരുകയോ ഇല്ല. കാര്യങ്ങൾ എല്ലാവർക്കും മനസ്സിലായി എന്നു കരുതട്ടെ.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan